SRI RAMAKRISHNA ASHRAM

# The Prabuddha Keralam.

# പ്രബുദ്ധകേരളം.

10638

---

വിവേകനിർമ്മലാനന്ദ ജ്ഞാനവൈരാഗ്യസിദ്ധിദം
“പ്രബുദ്ധകേരളം” രാമകൃഷ്ണോരക്ഷതുസർവ്വദാ.

---

വാല്യം ൧൭ } ൧൧൦൭ ഇടവം { ലക്കം ൰

ശ്രീ.

## ശ്രീരാമകൃഷ്ണസ്തുതി.

---

നരദേവ! ദേവ! ജയജയ! നരദേവ!
ശക്തിസമുദ്ര സമുത്ഥ തരംഗം
ദർശിതപ്രേമ വിജൃംഭിത രംഗം
സംശയ രാക്ഷസ നാശമഹാസ്ത്രം
യാമി ഗുരും ശരണം ഭവവൈദ്യം
നരദേവ! ദേവ! ജയജയ! നരദേവ!
അദ്വയതത്വ സമാഹിതചിത്തം
പ്രോജ്ജ്വലഭക്തി പടാവൃത വൃത്തം
കർമ്മകലേബര മത്ഭുതചേഷ്ടം
യാമിഗുരും ശരണം ഭവവൈദ്യം
നരദേവ! ദേവ! ജയജയ! നരദേവ!

(ശ്രീമദ്വിവേകാനന്ദവിരചിതം)

അർത്ഥം:—നരരൂപധാരിയായ ദേവ! അങ്ങേയ്ക്കു സർവ്വോൽകർഷേണ വിജയം ഭവിക്കട്ടേ! യാതൊരുവൻ ശക്തിയാകുന്ന സമുദ്രത്തിൽ ഉയൎന്ന, തരംഗരൂപനും, ദിവ്യപ്രേമവികാസത്തിനു രംഗമായി കാണപ്പെട്ടവനും, സംശയരൂപിയായ രാക്ഷസനെ നശിപ്പിക്കുന്ന മഹാസ്ത്രസ്വരൂപനും, ഭവരോഗഭിഷക്കുമാകുന്നുവോ ആ ഗുരുദേവനെ ഞാൻ ശരണംപ്രാപിക്കുന്നു. അദ്വയമായ സച്ചിദാനന്ദതത്വത്തിൽ യാതൊരുവന്റെ ചിത്തം സമാധിപ്രാപിച്ചിരിക്കുന്നുവോ, ജ്ഞാനരൂപിയായ യാതൊരുവന്റെ ചരിതം പ്രോജ്വലഭക്തികൊണ്ട് ആചരാദിതമായിരിക്കുന്നുവോ, കൎമ്മമയശരീരനും അത്ഭുതചരിത്രനും ഭവരോഗഭിഷക്കുമായ ആ ഗുരുദേവനെ ഞാൻ ശരണംപ്രാപിക്കുന്നു. ഓം തത് സത്.

---

# ശ്രീരാമകൃഷ്ണദേവന്റെ തിരുവായ്മൊഴി.

### രണ്ടാം ഭാഗം—ഇരുപത്തിനാലാം ഖണ്ഡം.

## അദ്ധ്യായം ൫.

(തുടൎച്ച)

ഭഗവാൻ ഭാവാവേശത്തിനുശേഷം ഭക്തന്മാരോടുകൂടി സംഭാഷണം ചെയ്യുന്നു.

നരേന്ദ്രൻ:—(ശ്രീരാമകൃഷ്ണദേവനോട്) ഹാസ്രാ ഇപ്പോൾ തരക്കേടില്ലല്ലോ!

ശ്രീരാമകൃഷ്ണദേവൻ:—നിനക്കറിഞ്ഞുകൂടേ? അകത്തു കത്തിയും പുറത്തു പത്തിയും ഉള്ളവരെ!

നരേന്ദ്രൻ:—ഇല്ല! ഞാൻ ചോദിച്ചു. (വണ്ടിവാടക) കൊടുത്തെന്നു പറഞ്ഞുവല്ലോ!

ശ്രീരാമകൃഷ്ണദേവൻ:—അയാൾക്കു നിഷ്ഠയുണ്ടത്രേ. അല്പം ജപവും മറവുമുണ്ട്. എന്നാൽ കാൎയ്യമിങ്ങനെയാണ്. വണ്ടിവാടക കൊടുത്തില്ല.

നരേന്ദ്രൻ:—അങ്ങനെയല്ല. കൊടുത്തതായി പറഞ്ഞുവല്ലോ.

ശ്രീരാമകൃഷ്ണദേവൻ:—എവിടെനിന്നു കൊടുക്കും?

നരേന്ദ്രൻ:—രാമലാലൻ്റയോ മറേറാ അടുക്കൽനിന്നു വാങ്ങിച്ചെന്നു തോന്നുന്നു.

ശ്രീരാമകൃഷ്ണദേവൻ:—നീ ഇതൊക്കെ എന്തിനു ചോദിക്കുന്നു?

ഞാനമ്മയോടു പ്രാർത്ഥിച്ചു—അമ്മേ! ഹാസ്രാ ദുഷ്ടനാണെങ്കിൽ ഇവിടെനിന്നും അകററണേ എന്ന്. അയാളോടും ഞാൻ അക്കാര്യം പറഞ്ഞു. കുറേദിവസം കഴിഞ്ഞ് അയാൾ വന്ന് "ഞാൻ ഇപ്പോഴും ഉണ്ടേ!" എന്നു പറഞ്ഞു. (ഭഗവാനും എല്ലാവരും ചിരിക്കുന്നു) എന്നാൽ പിന്നീടു പോയി.

ഹാസ്രായുടെ അമ്മ രാമലാലനെക്കൊണ്ട് എൻ്റെ അടുക്കൽ പറയിച്ചു—"ഹാസ്രായെ ഇങ്ങോട്ടേയ്ക്ക് ഒന്നു പറഞ്ഞയച്ചാൽ കൊള്ളാം. കരഞ്ഞുകരഞ്ഞു എൻ്റെ കണ്ണുകാണാൻ വയ്യാ" എന്ന്. ഞാൻ ഹാസ്രായോട് പലവിധത്തിലും പറഞ്ഞുനോക്കി—"വയസ്സായ അമ്മയല്ലേ! ഒരിക്കൽ പോയി കണ്ടിട്ടുവരൂ" എന്ന്. അയാൾ ഒരുവിധത്തിലും പോയില്ല. അയാളുടെ അമ്മ കരഞ്ഞുകരഞ്ഞു മരിക്കയും ചെയ്തു.

നരേന്ദ്രൻ:—ഇത്തവണ വീട്ടിൽ പോകുന്നുണ്ട്.

ശ്രീരാമകൃഷ്ണദേവൻ:—ഇപ്പോഴാണോ പോകുന്നത്? മണ്ടൻ! പോ! നിനക്കറിഞ്ഞുകൂടാ. ഗോപാലൻ പറഞ്ഞുവല്ലോ! കല്ക്കത്തയിൽ ഹാസ്രാ കുറേക്കാലം താമസിച്ചുവെന്നും, അവർ അരിയും നെയ്യും മററും കൊടുത്തെന്നും, അതിന് അയാൾ ഈ നെയ്യും അരിയുമാണോ ഞാൻ കൂട്ടുന്നതെന്നു പറഞ്ഞെന്നും ഒക്കെക്കേട്ടു. ബ്രാഹ്മണഗ്രാമത്തിൽ ഈശാനചന്ദ്രമുഖോപാദ്ധ്യായൻ്റെ അടുക്കൽ പോയിരുന്നുവത്രേ. ഈശാനനോടു വെളിക്കിറങ്ങാൻ വെള്ളം കൊണ്ടുവരണമെന്നാവശ്യപ്പെട്ടുപോലും. അതുകൊണ്ട് ബ്രാഹ്മണരൊക്കെ ദേഷ്യപ്പെട്ടതായി അറിഞ്ഞു.

നരേന്ദ്രൻ:—ഞാൻ ചോദിച്ചു. ഈശാനൻ തന്നെ മുൻപിൽ നടത്തിയാണ് കൂട്ടിക്കൊണ്ടുപോയതെന്നും, ബ്രാഹ്മണഗ്രാമത്തിൽ പലരും തന്നെ മാനിച്ചെന്നും ആണല്ലോ അയാൾ പറഞ്ഞത്.

ശ്രീരാമകൃഷ്ണദേവൻ:—ഇതാണ് ജപതപങ്ങളുടെ ഫലം!

പിന്നീട് ഒരു കാര്യമാണ്. ചില ലക്ഷണങ്ങളുണ്ട്. കിളരംകുറഞ്ഞവർ, കള്ളന്മാർ, കണക്കപ്പിള്ളമാർ ഇവർക്കൊക്കെ വളരെ താമസിച്ചേ ജ്ഞാനം ലഭിക്കു.

ഭവനാഥൻ:—ഇരിക്കട്ടെ! അതു പോട്ടെ!

ശ്രീരാമകൃഷ്ണദേവൻ:—അങ്ങനെയല്ല. (നരേന്ദ്രനോട്) നീയല്ലേ അയാളെ അറിഞ്ഞതയാററം. അതുകൊണ്ടു പറയുന്നു. ഞാൻ ഹാസ്രയേയും മററെല്ലാരെയും എങ്ങനെ വിചാരിക്കുന്നുവെന്നറിയുമോ? സാധുരൂപി നാരായണനെപ്പോലെ, ചോരനാരായണൻ, കിതവനാരായണൻ എന്നൊക്കെയാണ് ഞാൻ വിചാരിക്കുന്നതു്. (മഹിമാചരണനോട്) എന്താണ്? സകലരും നാരായണന്മാർതന്നെ.

മഹിമാചരണൻ:—ഉവ്വ്!

## അദ്ധ്യായം ൩.

ഗിരീശൻ:—(ശ്രീരാമകൃഷ്ണദേവനോട്) ഭഗവൻ! ഏകാംഗീപ്രേമമെന്നാലെന്ത്?

ശ്രീരാമകൃഷ്ണദേവൻ:—ഏകാംഗീപ്രേമമെന്നുവെച്ചാൽ, ഒരു ഭാഗത്തുനിന്നു മാത്രമുള്ള പ്രേമമെന്നർത്ഥം. ജലം ഹംസത്തെ ആവശ്യപ്പെടുന്നില്ല, എന്നാൽ ഹംസം ജലത്തെ ആവശ്യപ്പെടുന്നു; അതുമാതിരി. വീണ്ടും, സാധാരണീപ്രേമം, സമഞ്ജസാപ്രേമം, സമർത്ഥാപ്രേമം എന്നിങ്ങനെയും ഉണ്ട്. സാധാരണീപ്രേമം തൻെറ സുഖത്തെമാത്രം നോക്കുന്നു; നീ സുഖിച്ചാലും കൊള്ളാം ഇല്ലെങ്കിലും കൊള്ളാം എന്നുള്ള മട്ടാണുഭാവം; ചന്ദ്രാവലിയുടെ പ്രേമം ഈ വിധമായിരുന്നു. സമഞ്ജസീപ്രേമമോ, എനിക്കും സുഖം വേണം, നീയും സുഖിക്കുക എന്നതാണ്; ഇതു് അത്യുത്തമമായ ഭാവമത്രേ.

സകലതിലുംവെച്ചു അത്യുച്ചമായ മറെറാരു ഭാവമുണ്ട്. സമർത്ഥാപ്രേമം! ശ്രീമതിയുടെ പ്രേമം ഉദാഹരണം. ശ്രീകൃഷ്ണനു സുഖമായാൽ താനും സുഖിച്ചു; നീ സുഖിക്കുക! എനിക്കു എന്തെങ്കിലും ആകട്ടെ. ഇത്തരം പ്രേമമാണ്. ഗോപികൾക്കു ഇത്തരം ഉച്ചതരമായ ഭാവമായിരുന്നു.

ഗോപികൾ ആരെന്നറിയാമോ? ശ്രീരാമൻ കാട്ടുതോറും നടക്കുമ്പോൾ അവിടവിടെ അറായിരം ഋഷിമാർ ഉണ്ടായിരുന്നു. അവരുടെനേരെ ഭഗവാൻ ഒരു പ്രാവശ്യം സസ്നേഹം കടാക്ഷിച്ചു. അവർ രാമചന്ദ്രനെക്കാണ്മാൻ അത്യന്തം വ്യാകുലന്മാരായിത്തീർന്നു. അവരാണ് ഗോപിമാരെന്നു ഒരു പുരാണകഥയുണ്ട്.

ഒരു ഭക്തൻ:—അന്തരംഗപാർഷദന്മാരെന്നു ആരെ പറയാം?

ശ്രീരാമകൃഷ്ണദേവൻ:—എങ്ങനെയെന്നറിയാമോ? നാടകത്തിൽ അരങ്ങത്തും വെളിയിലും എവിടെയും സർവ്വനേരവും പിരിയാതെ കൂടെയിരിക്കുന്നവരാണ് അന്തരംഗന്മാർ.

[ജ്ഞാനയോഗത്തിന്റെയും ഭക്തിയോഗത്തിന്റെയും സമന്വയം
ഭരദ്വാജാശ്രമികളും ശ്രീരാമനും]

ശ്രീരാമകൃഷ്ണദേവൻ:—(മഹിമാചരണനോട്) എന്നാൽ ജ്ഞാനി രൂപത്തെയും ആശിക്കുന്നില്ല, അവതാരത്തെയും ആശിക്കുന്നില്ല. രാമചന്ദ്രൻ വനത്തിൽ സഞ്ചരിക്കുമ്പോൾ ഏതാനും ഋഷിമാരെ കാണുകയുണ്ടായി. അവരെല്ലാം അദ്ദേഹത്തെ അത്യാദരത്തോടെ സൽക്കരിച്ചിരുന്നു. അവർ ഇപ്രകാരം പറഞ്ഞു:—

"ഹേ! രാമ! അങ്ങയെ ഇന്നു കാണാൻ സാധിച്ചതുകൊണ്ട് ഞങ്ങൾ സർവ്വഥാ കൃതാർത്ഥരായിരിക്കുന്നു. എന്നാൽ ഞങ്ങൾ അങ്ങയെ ദശരഥന്റെ പുത്രനാണെന്നു കാണുന്നു. ഭരദ്വാജൻ തുടങ്ങിയുള്ളവർ അങ്ങയെ അവതാരമെന്നു പറയുന്നു. എന്നാൽ ഞങ്ങൾ ആ വിധം പറയുന്നില്ല ഞങ്ങളാകട്ടെ ആ അഖണ്ഡസച്ചിദാനന്ദത്തെ ചിന്തിക്കുന്നു." ശ്രീരാമൻ പ്രസന്നനായി ചിരിച്ചുതുടങ്ങി.

ഓ! എനിക്കു എന്തെല്ലാം അവസ്ഥകൾ കഴിഞ്ഞുപോയിരിക്കുന്നു! മനസ്സ് അഖണ്ഡത്തിൽ ലയിച്ചുപോയി! ഇങ്ങനെ എത്രനാൾ കഴിച്ചു! ഭക്തിയേയും ഭക്തനേയും സകലതിനേയും ത്യജിച്ചു! ജഡപ്രായമായിത്തീർന്നു! എന്റെ തലതന്നെ നിരാകാരമായി കാണപ്പെട്ടു! പ്രാണൻ പോകുന്നില്ല! രാമലാലന്റെ ചിററമ്മയെ (ശ്രീ ശ്രീമാതൃദേവി) വിളിക്കട്ടെയോ എന്നുകൂടി തോന്നിപ്പോയി!

മുറിയിലുണ്ടായിരുന്ന പടങ്ങൾ സകലതും എടുത്തു മാററാൻ പറഞ്ഞു. അല്പം ബോധം ഉണ്ടാകുമ്പോൾ മനസ്സു താണുവരും; ആ സമയം പ്രാണൻ വിടാൻ തോന്നും. ഒടുവിൽ ഏതിനെ വെച്ചുകൊണ്ടാണ് ജീവിതം ധരിക്കുകയെന്നാലോചിച്ചു. അപ്പോൾ ഭക്തിയിലും ഭക്തന്മാരിലും മനസ്സുവെച്ചു. അപ്പോൾ ആളുകൾ എനിക്കെന്തുപററി എന്തുപററിയെന്നു ചോദിപ്പാൻ തുടങ്ങി. *ഭോലാനാഥമുഖോപാദ്ധ്യായൻ പിന്നീട് എന്റെ ഈയവസ്ഥ മഹാഭാരതത്തിലും കാണുന്നുണ്ടെന്നു പറഞ്ഞു. സമാധിസ്ഥന്മാരായവർ സമാധികഴിഞ്ഞു മടങ്ങിവരുമ്പോൾ ഏതിനെ വെച്ചുകൊണ്ടാണിരിക്കേണ്ടതു്? അതുകൊണ്ടു് ഭക്തിയും ഭക്തന്മാരും വേണം. അല്ലെങ്കിൽ മനസ്സിനു നിലവേണ്ടയോ?

---

* ഭോലാനാഥമുഖോപാദ്ധ്യായൻ അന്നു രാസമണിയുടെ കാളീക്ഷേത്രത്തിലെ കണക്കെഴുത്തുകാരനായിരുന്നു. പിന്നീട് മുതലുപിടിക്കാരനായി.

## അദ്ധ്യായം ൧.

മഹിമാചരണൻ:—ഭഗവൻ! സമാധിയായവർ തിരിയെ വരുമോ?

ശ്രീരാമകൃഷ്ണദേവൻ:—(അയാളോടായി മാത്രം) നിന്നോടു തനിച്ചു പറയാം. നീയാണു് ഇതു കേൾക്കാൻ അർഹൻ.

*f* കുയാരസിംഹൻ ഇതൊരിക്കൽ ചോദിക്കയുണ്ടായി. ജീവിക്കും ഈശ്വരനുമായി അത്യധികം ഭേദമുണ്ടു്. സാധനഭജനകൾ ചെയ്തുചെയ്തു് സമാധിവരെ എത്താൻ ജീവിക്കു സാധിക്കും. ഈശ്വരൻതന്നെ അവതാരമെടുക്കുന്നപക്ഷം, സമാധികഴിഞ്ഞു തിരിയെ വരികയുംചെയ്യും. ജീവിയുടെ പടിയുണ്ടല്ലൊ, രാജാവിൻെറ ഭൃത്യന്മാരുടെ സ്ഥാനംപോലെയാണു്; രാജാവിൻെറ കൊട്ടാരത്തിലെ ബഹിർദ്വാരംവരെ പോയിവരാമെന്നേയുള്ളു. രാജാവിൻെറ ഏഴുനില മാളികയിൽ കയറണമെങ്കിൽ രാജാവിൻെറ കുട്ടികളായിരിക്കണം; ഏഴാം നിലവരെ പോയിവരാം; വേണമെങ്കിൽ പുറത്തു വരികയും ആകാം. തിരിയെ വരികയില്ല, വരികയില്ല എന്നു എല്ലാവരും പറയും. എന്നാൽ ശങ്കരാചാര്യർ, രാമാനുജാചാര്യർ ഇവരെങ്ങനെയായിരുന്നു? ഇവർ വിദ്യാഹന്തയെ വെച്ചുകൊണ്ടിരുന്നു.

മഹിമാചരണൻ:—ഉവ്വ്. അല്ലെങ്കിൽ ഗ്രന്ഥരചനയെങ്ങനെ പറവം?

ശ്രീരാമകൃഷ്ണദേവൻ:—ഇനിയും നോക്കുക! പ്രഹ്ലാദൻ, നാരദൻ, ഹനുമാൻ എന്നിവരും സമാധിക്കുശേഷം ഭക്തിയെ വെച്ചുകൊണ്ടിരുന്നു.

മഹിമാചരണൻ:—ഉവ്വ്?

ശ്രീരാമകൃഷ്ണദേവൻ:—ചിലരുണ്ടു്; സ്വല്പം വല്ലതും ജ്ഞാനചർച്ച ചെയ്തിരിക്കും; എന്നിട്ടു് "കാ! ഞാൻ എങ്ങനെയായിപ്പോയി" എന്നഭിമാനിക്കും. അല്പം വേദാന്തം നോക്കിയിരിക്കാം. എന്നാൽ ശരിയായ ജ്ഞാനം വന്നാൽ അഹങ്കാരം കാണുകയില്ല. സമാധിവരാതെ ശരിയായ ജ്ഞാനം ഉണ്ടാകയില്ല. അതായതു് സമാധിലഭിച്ചാൽ മനുഷ്യൻ അദ്ദേഹവുമായി ചേന്നു ഏകീഭവിക്കുന്നു; അപ്പോൾ അഹംകാരം ഉണ്ടായിരിക്കയില്ല. സമാധി വന്നില്ലെങ്കിൽ ശരിയായ ജ്ഞാനവും വരികയില്ല. സമാധിയുണ്ടായാൽ അദ്ദേഹവുമായി ഐക്യം ലഭിച്ചു. പിന്നീടു് അഹം അവിടെയില്ല.

എങ്ങനെയെന്നറിയാമോ? നട്ടുച്ചയ്ക്കു സൂര്യൻ നേരെ തലയ്ക്കു ചൊവ്വേ നില്ക്കും. അപ്പോൾ ഒരാൾ തൻെറ നാലുപുറത്തും നോക്കിയാൽ

*f* കുയാർസിംഗ്, പട്ടാളത്തിൽ ഒരു ഹവീൽദാർ.

നിഴലു കാണുകയില്ല. അതുപോലെ യഥാൎത്ഥജ്ഞാനമുണ്ടായാൽ—സമാധിസ്ഥനായാൽ—അഹംരൂപമാകുന്ന ഛായ ഉണ്ടാകയില്ല.

യഥാൎത്ഥജ്ഞാനലാഭത്തിനുശേഷം അഹം സ്ഥിതിചെയ്യുന്നുവെങ്കിൽ, അതു വിദ്യാഹം എന്നറിയുക, ഭക്തിയുടെ അഹം, ദാസോഽഹം; അതു അവിദ്യാഹമല്ല.

ജ്ഞാനവും ഭക്തിയും രണ്ടും രണ്ടുവഴി—എതിലേ ചെന്നാലും അദ്ദേഹത്തെ പ്രാപിക്കാം. ജ്ഞാനി ഒരുപ്രകാരത്തിൽ അദ്ദേഹത്തെ ഭാവനം ചെയ്യുന്നു; ഭക്തൻ മറെറാരുവിധം അദ്ദേഹത്തെ കാണുന്നു. ജ്ഞാനിക്ക് ഈശ്വരൻ തേജോമയൻ! ഭക്തനു രസമയൻ!

ഭവനാഥൻ അടുത്തിരുന്നു സകലതും കേൾക്കുന്നു. ഭവനാഥൻ നരേന്ദ്രന്റെ ഉററ സ്നേഹിതനാണ്, ആദ്യമാദ്യം ബ്രഹ്മസമാജത്തിൽ എപ്പോഴും പൊയ്ക്കൊണ്ടിരുന്നു.

ഭവനാഥൻ:—ഭഗവാൻ! എനിക്കു ഒന്നു ചോദിപ്പാനുണ്ട്. എനിക്കു ദേവീമാഹാത്മ്യം (ചണ്ഡീ) മനസ്സിലാകുന്നില്ല. അതിൽ, ദേവി സകലരെയും ചടചട എന്ന് കൊല്ലുന്നതായി എഴുതീട്ടുണ്ട്. ഇതിന്റെ അൎത്ഥമെന്ത്?

ശ്രീരാമകൃഷ്ണദേവൻ:—അതൊക്കെ ലീല! എനിക്കും ഇതിനെപ്പററി സംശയമുണ്ടായിരുന്നു. ഒടുവിൽ എല്ലാം മായയല്ലേ എന്നു കണ്ടു. അവിടത്തെ സൃഷ്ടിയും മായ, അവിടത്തെ സംഹാരവും മായ.

മുറിയുടെ പടിഞ്ഞാറുവശത്തെ മാളികയിൽ പായിട്ടിരിക്കുന്നു. ഗിരീശൻ ഭഗവാനെയും കൂട്ടുകാരെയും അവിടെ കൂട്ടിക്കൊണ്ടുപോയി. മേടത്തിലെ ശുക്ലപക്ഷദശമി. പ്രകൃതി, ഭാസമാനയായിരിക്കുന്നു. മാളിക വെണ്ണിലാവുകൊണ്ടു മന്ദഹസിക്കുന്നു! ഭഗവാൻ ശ്രീരാമകൃഷ്ണദേവന്റെ സന്നിധാനത്തിൽ ഭക്തന്മാർ പ്രസാദഭക്ഷണം കഴിച്ചു. എല്ലാവരും ആനന്ദപൂൎണ്ണരായിരിക്കുന്നു.

ഭഗവാൻ 'നരേന്ദ്രൻ നരേന്ദ്രൻ' എന്നു ഉന്മത്തനായിരിക്കുന്നു. നരേന്ദ്രൻ മുൻപന്തിയിൽ മററു ഭക്തന്മാരൊന്നിച്ചിരിപ്പുണ്ട്. ഇടയ്ക്കിടെ ഭഗവാൻ നരേന്ദ്രനെപ്പററി പറയുന്നു. അല്പം ഭക്ഷിക്കുന്നതിനു മുൻപേതന്നെ ഭഗവാൻ നരേന്ദ്രന്റെ അടുത്തുചെന്ന് തന്റെ ഇലയിൽനിന്നും തയിരും, തണ്ണീർമത്തങ്ങാ ഷർബത്തും എടുത്തു കൊടുക്കുന്നു. "നരേന്ദ്രൻ ഇതു കുറെ കഴിക്കൂ" എന്നു പറഞ്ഞു. ഭഗവാൻ ബാലകനെപ്പോലെ വീണ്ടും തന്റെ ഇലയിൽവന്നു ഇരുന്നു.

# ശ്രീരാമാനുജചരിതം.

## അദ്ധ്യായം ൩.

## യാദവപ്രകാശൻ.

ദിവ്യഗുണസമ്പന്നനായ ശ്രീരാമാനുജന് ൧൬ വയസ്സായപ്പോൾ പിതാവായ ആസുരികേശവാചാൎയ്യൻ അദ്ദേഹത്തെ വിവാഹശൃംഖലയാൽ ബദ്ധനാക്കാൻ വിചാരിച്ചു. അധികം താമസിയാതെ ഒരു സൎവ്വാംഗസുന്ദരിയായ കന്യകയുമായി അദ്ദേഹത്തിന്റെ ശുഭമായ വിവാഹം നടത്തപ്പെട്ടു. ഇതുനിമിത്തം മാതാപിതാക്കൾക്കും ബന്ധുക്കൾ, ഭൃത്യജനങ്ങൾ മുതലായവൎക്കും ഉണ്ടായ ആനന്ദം സീമാതീതമായിരുന്നു. ദരിദ്രന്മാർ മൃഷ്ടാന്നഭോജനം ലഭിച്ച് അതിസന്തുഷ്ടരായി. ഇപ്രകാരം ദിവസങ്ങൾ ഏഴു കഴിഞ്ഞു. നവവധുവിന്റെ മുഖകമലം ദൎശിച്ച് കാന്തിമതിദേവിയും ഭൎത്താവും അത്യന്തം നിൎവൃതി പ്രാപിച്ചു. ഏകദേശം ഒരു മാസക്കാലം എല്ലാവരും ഇപ്രകാരമുള്ള സാംസാരികാനന്ദമനുഭവിച്ചു. അപ്പോൾ വിധാതാവിന്റെ ചിരന്തനനിയമമനുസരിച്ച് സുഖത്തിനു പുറകേ ദുഃഖം പ്രത്യക്ഷമായി. വൃദ്ധനായ കേശവാചാൎയ്യൻ രോഗാക്രാന്തനായിട്ട് അചിരേണ മാനവലീലയേ സമാപിപ്പിച്ചു. ആചാൎയ്യന്റെ കുടുംബമാകട്ടെ മേഘാവൃതമായ പൌൎണ്ണമിനിശപോലെ ശോകനിമഗ്നമായി. അതിയായ ആനന്ദത്തിനിടയ്ക്ക് ഉണ്ടായ ആകസ്മികദുഃഖസമ്പാതം അത്യന്തം തീവ്രമായിരുന്നു. ആദികവിയായ വാല്മീകിയുടെ മൎമ്മദാഹികയായ ക്രൌഞ്ചപക്ഷിയെപ്പോലെ കാന്തിമതിദേവി തുലോം അധീരയായി. പിതൃവിയോഗംനിമിത്തം രാമാനുജനും അല്പകാലം ദുഃഖിച്ചു. എങ്കിലും, പ്രജ്ഞാബലംകൊണ്ട് ക്രമേണ സ്വസ്ഥനാകുവാൻ യത്നിച്ചു. പുറമേ ശോകഭാവം ലേശവും പ്രദൎശിപ്പിക്കാതെ സ്ഥിരനായി മാതാവിനെ സാന്ത്വനംചെയ്യാൻ തുടങ്ങി.

അധികം താമസിയാതെതന്നെ ബന്ധുക്കളുടെ സഹായത്താൽ അദ്ദേഹം യഥാവിധി പിതാവിന്റെ അന്ത്യകൎമ്മം നിൎവ്വഹിച്ച് ഗൃഹത്തിൽ തിരിച്ചെത്തി. ശ്രാദ്ധം മുതലായ മററു കൎമ്മങ്ങളും യഥാവസരം നടത്തപ്പെട്ടു. അനന്തരം കുറച്ചുദിവസം അദ്ദേഹം തിരുപ്പെരുമ്പുത്തൂരിൽ വസിച്ചു. എന്നാൽ സ്വമാതാവിനും അദ്ദേഹത്തിനും അവിടത്തെ വാസം സുഖമല്ലാതിരുന്നതിനാൽ കാഞ്ചീപുരത്തുതന്നെ താമസിക്കാൻ ഉറച്ചു. അതിന്മണ്ണാ രാമാനുജൻ കാഞ്ചീപുരത്ത് ഒരു ഭവനം പണികഴിപ്പിച്ച് അവിടെ വാസമുറപ്പിച്ചു. കാലക്രമേണ ശോകാവേഗം ശാന്തമായി.

ഈ കാലത്തു് കാഞ്ചീപുരത്തിൽ യാദവപ്രകാശൻ എന്നു് വിഖ്യാതനും അദ്വൈതവാദിയുമായ ഒരദ്ധ്യാപകൻ അനവധി ശിഷ്യന്മാരോടുകൂടി വസിച്ചിരുന്നു. അദ്ദേഹത്തിൻെറ പാണ്ഡിത്യത്തിൽ എല്ലാവരും മുഗ്ദ്ധരായിത്തീർന്നിരുന്നു. കലശലായ ജ്ഞാനതൃഷ്ണ രാമാനുജനെ അദ്ദേഹത്തിൻെറ ശിഷ്യത്വം സ്വീകരിപ്പിച്ചു. പുതിയ ശിഷ്യൻെറ രൂപലാവണ്യവും മുഖകാന്തിയും കണ്ടിട്ട് യാദവപ്രകാശൻ അത്യധികം പ്രീതനായി. ഒരു ചുരുങ്ങിയകാലത്തിനിടയ്ക്കുതന്നെ രാമാനുജൻ അദ്ദേഹത്തിൻെറ പ്രധാന ശിഷ്യനായി ഗണിക്കപ്പെട്ടുകയും അദ്ദേഹത്തിൻെറ പ്രീതിയ്ക്കു് പാത്രമാകുകയും ചെയ്തു.

എന്നാൽ, ഈ പ്രീതി വളരെ നീണ്ടുനിന്നില്ല. യാദവപ്രകാശൻ പ്രതിഭാശാലികളിൽ അദ്വിതീയനായിരുന്നു. അദ്ദേഹം പ്രതിപാദിച്ചിട്ടുള്ള അദ്വൈതവാദം ഇന്നും "യാദവീയസിദ്ധാന്ത"മെന്നു പ്രസിദ്ധമാണു്. അദ്ദേഹം ഒരു വിധത്തിൽ ശുദ്ധാദ്വൈതവാദിയായിരുന്നു എങ്കിലും ഈശ്വരൻെറ സാകാരരൂപത്തെ സ്വീകരിച്ചിരുന്നില്ല. ജഗത്തു് ഈശ്വരൻെറ, പരിവർത്തനശീലവും നിത്യനശ്വരവുമായ വിരാട്‌രൂപമാകുന്നു. ഈ വിരാട്‌മൂർത്തിയുടെ പിന്നിൽ ദേശകാലനിമിത്തങ്ങൾക്കു് അതീതവും അക്ഷരവുമായ ഏതൊരു സച്ചിദാനന്ദസത്തയുണ്ടു്, അതത്രേ അദ്ദേഹത്തിൻെറ സ്വരാട്‌സത്ത. ഉപാദേയവും അറിയപ്പെടേണ്ടതും അതുതന്നെയാകുന്നു. ശ്രീ ശങ്കരൻെറ അഭിപ്രായംപോലെ അദ്ദേഹം വിരാട്ടിനെ മായ അഥവാ രജ്ജുവിൽ സർപ്പത്തിൻെറ വിവർത്തം—ഒന്നിൽ മററൊന്നിൻെറ അറിവു്— എന്നു പറഞ്ഞില്ല. ജഗത്തു് അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ മരീചികപോലെ അനൃതമെന്നോ സർവ്വഥാ അകിഞ്ചിൽക്കരമെന്നോ തോന്നിയില്ല. ജഗത്തു് ഒരു പ്രകാരത്തിൽ നിത്യപരിവർത്തനശീലമായ ഈശ്വരസ്വരൂപമാകുന്നു. സർവ്വദാ അസ്ഥിരമായതുകൊണ്ടു് ഇതു് (ജഗത്തു്) ഹേയവും, സദാ സ്ഥിരമായതുകൊണ്ടു് സ്വരാട്‌രൂപം സ്വീകാര്യവുമാകുന്നു. വിരാട്ടിനെ ദർശിക്കുന്ന ആത്മാവു് ജീവനും, സ്വരാട്ടായ ആത്മാവു് ബ്രഹ്മവുമാകുന്നു.

ഭക്തിമയവിഗ്രഹനായ ശ്രീരാമാനുജൻ ഭഗവദ്ദാസ്യത്തിൻെറ ദ്വിതീയമൂർത്തിയാകുന്നു. അതുകൊണ്ടു് യാദവീയസിദ്ധാന്തം ഒരിക്കലും അദ്ദേഹത്തിനു പ്രീതികരമാകുകയില്ലല്ലോ, എന്നാൽ ഗുരുവിൻെറ ഗൌരവം രക്ഷിക്കുന്നതിനുവേണ്ടി അദ്ദേഹത്തിൻെറ അദ്ധ്യാപനദോഷത്തെ വെളിപ്പെടുത്താൻ ഉദ്യമിച്ചിട്ടില്ല. മനഃപൂർവ്വമായി പലപ്പോഴും അവയെ അടക്കിയിട്ടുണ്ടു്.

ഒരിക്കൽ രാവിലത്തെ അദ്ധ്യയനത്തിനുശേഷം ശിഷ്യന്മാർ മാദ്ധ്യാഹ്നികകർമ്മത്തിനായി സ്വഗൃഹങ്ങളിലേയ്ക്കു പുറപ്പെട്ടപ്പോൾ യാദവപ്രകാശൻ പ്രിയശിഷ്യനായ രാമാനുജനോടു് തൻെറ ദേഹത്തിൽ എണ്ണ പുരട്ടുന്നതിനു് ആജ്ഞാപിച്ചു. അപ്പോഴും ശിഷ്യരിൽ ഒരുവൻ പാഠത്തിൻെറ

ദുൎഗ്രഹമായ അൎത്ഥം വിശദമായറിയുന്നതിന്നുവേണ്ടി ഗുരുവിനോടു ചോദിച്ചുകൊണ്ടു നിന്നിരുന്നു. ശിഷ്യൻ അപ്പോൾ അദ്ധ്യയനം ചെയ്തുകൊണ്ടിരുന്നതു് ഛാന്ദോഗ്യോപനിഷത്തായിരുന്നു. അതിൻെറ പ്രഥമാദ്ധ്യായത്തിലുള്ള ഷഷ്ഠഖണ്ഡത്തിൽ ഏഴാമത്തു മന്ത്രത്തിൻെറ പൂൎവ്വാംശത്തിൽ "കപ്യാസം" എന്ന രൂപദമുണ്ടു്. അതിൻെറ അൎത്ഥം ശിഷ്യനു് ശരിയായി മനസ്സിലായില്ല. മന്ത്രാംശം ഇതാണ്—"തസ്യയഥാകപ്യാസം പുണ്ഡരീകമേവ മക്ഷിണീ—". ഇതിന് യാദവപ്രകാശൻ ശ്രീ ശങ്കരാചാൎയ്യരുടെ അൎത്ഥമനുസരിച്ച് 'കപ്യാസം' എന്ന പദത്തെ വാനരൻെറ പൃഷ്ഠാന്തഭാഗം അഥവാ അപാനദേശം എന്ന് അൎത്ഥകല്പനചെയ്തു് ഈ വിധം വ്യാഖ്യാനിച്ചു:—"ആ സ്വൎണ്ണവൎണ്ണനായ പുരുഷൻെറ കണ്ണുകൾ വാനരൻെറ പൃഷ്ഠാന്തഭാഗംപോലെ ലോഹിതപത്മതുല്യമാകുന്നു." വിസദൃശവും ഹീനോപമായുക്തവുമായ ഈ വ്യാഖ്യാനം കേട്ടിട്ടു് ഗുരുവിൻെറ അഭ്യംഗകാൎയ്യത്തിലേൎപ്പെട്ടിരുന്ന രാമാനുജൻെറ സ്വഭാവകോമളവും ഭക്തിമധുരവുമായ ഹൃദയം ദ്രവീഭൂതമായിട്ടു് അശ്രുരൂപത്തിൽ അഗ്നിശിഖകളെപ്പോലെ യാദവൻെറ തുടയിൽ പതിച്ചു. എരിയുന്ന കനൽക്കട്ടകൾപോലെ ചൂടുള്ള അശ്രുകണങ്ങൾ വീണപ്പോൾ യാദവപ്രകാശൻ നടുങ്ങി പെട്ടെന്നു് മേല്പോട്ടു നോക്കിയിട്ടു് ഇതു തീക്കട്ടയല്ലെന്നും തൻെറ പ്രിയശിഷ്യനായ രാമാനുജൻെറ അശ്രുധാരയാണെന്നും മനസ്സിലാക്കി. അദ്ദേഹം വിസ്മയഭരിതനായിട്ടു് സ്വശിഷ്യൻെറ ദുഃഖകാരണംചോദിച്ചു. രാമാനുജൻ പറഞ്ഞു, "ഭഗവൻ! അവിടത്തെപ്പോലുള്ള മഹാനുഭാവൻെറ മുഖത്തുനിന്നും ഈ വിസദൃശമായ വ്യാഖ്യാനം കേൾക്കാനിടയായതിൽ അനല്പമായ കുണ്ഠിതമുണ്ടു്. സമസ്തകല്യാണഗുണസമ്പന്നനും, സകല സൌന്ദൎയ്യത്തിനും ആകരവും, സച്ചിദാനന്ദമയവിഗ്രഹനും, പരാൽപരനുമായ ഭഗവാനോടു് വാനരത്തിൻെറ അപാനദേശം തുലനംചെയ്യുന്നതു് എത്രമാത്രം അസംഭാവ്യമെന്നും, പാപജനകമെന്നുമുള്ളതു് ഒരു മുഖംകൊണ്ടു് എങ്ങിനെയാണു പറയുന്നതു്? അവിടത്തെപ്പോലുള്ള ഒരു പ്രാജ്ഞൻെറ മുഖത്തുനിന്നും ഇപ്രകാരമൊരു ദുരൎത്ഥം ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല." ഇതുകേട്ടു് യാദവപ്രകാശൻ പറഞ്ഞു, "വത്സ! നിൻെറ ദാംഭികതകണ്ടു് എനിക്കും ഇതിൽപരമില്ലാത്തതായ ദുഃഖമുണ്ടു്. ആകട്ടെ, നിനക്കു് ഇതിനേക്കാൾ ഉത്തമമായി വ്യാഖ്യാനിക്കുവാൻ കഴിയുമോ?" രാമാനുജൻ ഉത്തരം പറഞ്ഞു, അവിടത്തെ അനുഗ്രഹംകൊണ്ടു് എല്ലാം സാധിക്കും." ഇതുകേട്ടു് അല്പം നിന്ദാസൂചകമായ ഒരു മന്ദഹാസത്തോടുകൂടി ഗുരു പറഞ്ഞു. "കൊള്ളാം, നല്ലതു്, നിൻെറ പുതിയ അൎത്ഥം പറയൂ കേൾക്കട്ടെ. നീ ശങ്കരാചാൎയ്യരേക്കാൾ കേമനാകാനാഗ്രഹിക്കുന്നുവോ?" അതി വിനീതനായിട്ടു് രാമാനുജൻ വീണ്ടും പറഞ്ഞു, "ഭഗവൻ! അവിടത്തെ അനുഗ്രഹംകൊണ്ടു് എല്ലാം

സാധിക്കും. 'കപ്യാസം' എന്ന പദത്തിന് വാനരത്തിന്റെ അപാനമെന്ന് അൎത്ഥം കല്പിക്കാതെ കം (ജലം) പിബതീതി കപിഃ സൂൎയ്യഃ, എന്നും അസ്ധാതു, വികസനാൎത്ഥകമായതുകൊണ്ട് 'ആസ' ശബ്ദത്തിന് 'വികസിത'മെന്നും അൎത്ഥം ചേക്കുന്നതായാൽ നന്നായിരിക്കും. അതുകൊണ്ട് 'കപ്യാസം' എന്ന പദത്തിന് പൊതുവേ 'സൂൎയ്യവികസിതം—സൂൎയ്യനാൽ വിടുൎത്തപ്പെട്ടതു' എന്ന് സിദ്ധമാകുന്നു. കൂടാതെ മന്ത്രാംശത്തിന്റെ അൎത്ഥം ഇപ്രകാരമാകയും ചെയ്യും. 'സ്വൎണ്ണനിറമുള്ളവനും സവിതൃമണ്ഡലമദ്ധ്യവൎത്തി'യുമായ ആ പുരുഷന്റെ കണ്ണുകൾ സൂൎയ്യനാൽവിടുൎത്തപ്പെട്ട പത്മംപോലെ ശോഭയുള്ളവയാകുന്നു."

ഇപ്രകാരമുള്ള അൎത്ഥം കേട്ടിട്ട് യാദവപ്രകാശൻ പറഞ്ഞു "ഇതു മുഖ്യാൎത്ഥമല്ല, ഗൌണാൎത്ഥം മാത്രം. എന്തായാലും നിനക്ക് വിശേഷമായ വ്യാഖ്യാനകൌശലം ഉണ്ട്.

ഈ സംഭവത്തിനുശേഷം യാദവപ്രകാശൻ രാമാനുജനെ ഒരു മഹാദ്വൈതവാദിയായ ഭഗവൽഭക്തനെന്നു നിശ്ചയിച്ചു. അദ്ദേഹത്തോടുള്ള പ്രീതിയ്ക്കും കുറച്ചൊരു ലാഘവം സംഭവിച്ചു.

വേറൊരുദിവസം തൈത്തിരീയോപനിഷത്തിലുള്ള "സത്യം ജ്ഞാനമനന്തം ബ്രഹ്മ". എന്ന മന്ത്രത്തിന് യാദവപ്രകാശൻ—ബ്രഹ്മത്തെ—സത്യസ്വരൂപം, ജ്ഞാനസ്വരൂപം, അനന്തസ്വരൂപം—ഇങ്ങിനെ വ്യാഖ്യാനംചെയ്തു. അതിന് രാമാനുജൻ ഇപ്രകാരം പ്രതിവദിച്ചു. "ബ്രഹ്മം സത്യധൎമ്മവിശിഷ്ടമാണ്. അസത്യധൎമ്മവിശിഷ്ടമല്ല. ജ്ഞാനംതന്നെ അതിന്റെ ധൎമ്മം, അജ്ഞാനമല്ല. അതു അനന്തം, സാന്തമല്ല, അതു സത്യത്തിനും ജ്ഞാനത്തിനും അനന്തഗുണങ്ങൾക്കും ആകാരവുമാകുന്നു. ഇവ അദ്ദേഹത്തിന്റെ സ്വരൂപമെന്നു പറയുന്നതു് ഒരു വിധത്തിലും യുക്തിയ്ക്കു ചേരുന്നതല്ല. ഇവയെല്ലാം അദ്ദേഹത്തിന്റേതാകുന്നു. എന്നാൽ അദ്ദേഹമല്ല. ദേഹം നമ്മുടേതാകുന്നു, നാം ദേഹമല്ല, എന്നതുപോലെ" ഈ വ്യാഖ്യാനം കേട്ട് അദ്ധ്യാപകൻ ക്രോധതാമ്രാക്ഷനായിട്ട് പറഞ്ഞു, "എടാ അധികപ്രസംഗി! നീ എന്റെ വ്യാഖ്യാനം കേൾക്കാനാഗ്രഹിക്കുന്നില്ലെങ്കിൽ എന്തിനു വെറുതേ ഇവിടെ വരുന്നു? സ്വന്തം ഭവനത്തിൽ ചെന്നു ഒരു പാഠശാലവച്ച് അദ്ധ്യയനംചെയ്യിക്കരുതോ?". അല്പം കഴിഞ്ഞു് ശാന്തനായിട്ടു പറഞ്ഞു. "നിന്റെ വ്യാഖ്യാനം ശ്രീ ശങ്കരന്റെ മതാനുയായിയല്ല. മാത്രമല്ല, മററ് ഒരു പൂൎവ്വാചാൎയ്യന്റെ മതത്തിനും യോജിച്ചതുമല്ല. ഇനിയും ഇതുപോലെ അഹങ്കാരം കാണിക്കരുതു്." രാമാനുജൻ സ്വഭാവേനതന്നെ അതിവിനീതനും ഗുരുഭക്തനുമായിരുന്നു. അദ്ദേഹം അദ്ധ്യയനസമയത്തു് കഴിയുന്നതും മൌനമവലംബിച്ചിരിക്കും. എതിർവാദംചെയ്ക ഒരിക്കലും അദ്ദേഹത്തിനിഷ്ടമായിരുന്നില്ല. എങ്കിലും

എന്തുചെയ്യാം അദ്ധ്യാപകന്റെ വ്യാഖ്യാനം ശരിയല്ലെന്നു ബോദ്ധ്യപ്പെട്ടാലുടൻ സത്യബുദ്ധിയ്ക്കു് അധീനനായിട്ടു് അവിചാരിതമായിപ്പോലും അതിന്നു് എതിർവാദംചെയ്യും. യാദവപ്രകാശൻ രാമാനുജന്റെ പ്രതിവാദങ്ങളെ മററു ശിഷ്യന്മാരുടെ മുമ്പിൽ നിസ്സാരമായി പറപ്പിച്ചുകളഞ്ഞിരുന്നെങ്കിലും ക്രമേണ രാമാനുജനിൽ ഒരു വിധം ഭയം അദ്ദേഹത്തിനുണ്ടായിത്തുടങ്ങി. ഒരിക്കൽ ഇപ്രകാരം വിചാരിച്ചു, ഈ ബാലൻ ഒരു കാലത്തു് അദ്വൈതമതം ഖണ്ഡിച്ചു് ദ്വൈതമതം സ്ഥാപിച്ചേക്കും. ഇവന്റെ കയ്യിൽനിന്നു് എങ്ങിനെ മോചനം പ്രാപിയ്ക്കാം? സനാതനമായ അദ്വൈതമതത്തേ സംരക്ഷിക്കുന്നതിനായിട്ടു് ഇവനേ സംഹരിക്കതന്നെയാണു് ഉചിതം." അദ്വൈതമതത്തോടുള്ള അദ്ദേഹത്തിന്റെ അതിയായ പക്ഷപാതം ഈ മൃഗീയകർമ്മത്തിന്നു് പ്രേരിപ്പിച്ചു എന്നതല്ല. പ്രബലമായ അസൂയയത്രേ ഇതിന്നു കാരണം. കവിവാക്യവും ഇതിന്നു് അനുയോജ്യമായിരിക്കുന്നു.

> പ്രകൃതിഃഖലുസാ മഹീയസാം
> സഹതേ നാന്യസമുന്നതിം യയാ
> അനുഹുങ്കുരുതേ ഘനദ്ധ്വനിം
> ന തു ഗോമായുരുതാനി കേസരീ.

"അന്യന്റെ ഉന്നതി സഹിക്കാതിരിക്കുകയത്രേ മഹാത്മാക്കളുടെ പ്രകൃതി. എന്തെന്നാൽ വളരെ മുകളിൽ സഞ്ചരിക്കുന്ന മേഘം ഗർജ്ജിക്കുമ്പോൾ മാത്രം സിംഹം അതിന്നു പ്രതിനാദംചെയ്യും. സൃഗാലരവത്തിൽ അങ്ങിനെ ചെയ്യുന്നില്ല" ഇതു് നിശ്ചയമായും യഥാർത്ഥമഹാത്മാവിന്റെ ലക്ഷണമല്ല. "തുല്യ നിന്ദാസ്തുതിർമ്മൌനീ സന്തുഷ്ടോയേനകേനചിൽ" ഇതാണു് മഹാത്മാവിന്റെ ലക്ഷണം. അദ്ദേഹത്തിന്നു് ശത്രുമിത്രങ്ങൾ ആരും ഇല്ല. അദ്ദേഹം എല്ലാവൎക്കും മംഗളം ആഗ്രഹിക്കുന്നു. അദ്ദേഹം നിത്യം സന്തുഷ്ടനും സൎവ്വതഃ പൂൎണ്ണനുമാകുന്നു. കവി, കേവലം ലൌകികനായ മഹാത്മാവിന്റെ ലക്ഷണംപറഞ്ഞു. നാം ചിലരേ 'വലിയ ആളുകൾ' എന്നു പറഞ്ഞുവരുന്നു. ചിലർ തമോഗുണത്താൽ പ്രേരിതരായിട്ടു് 'കോƒന്യോസ്തി സദൃശോമയ' എന്നു വിചാരിക്കുന്നു. ഈ തരത്തിലുള്ള ഒരു വലിയ ആൾ ആയിരുന്നു യാദവപ്രകാശൻ. അദ്ദേഹത്തിന്റെ ഈൎഷ്യാപ്രണോദിതമായ ഹൃദയം രാമാനുജന്റെ വധമിച്ഛിച്ചതിൽ എന്താണാശ്ചൎയ്യം? അദ്ദേഹം അസാമാന്യമായ ബുദ്ധിശക്തികൊണ്ടു് വേദാന്തത്തിന്റെ സകലരഹസ്യതത്വങ്ങളും വേണ്ടവിധം സ്വാധീനമാക്കിയിരുന്നെങ്കിലും "ബ്രഹ്മ സത്യം ജഗന്മിത്ഥ്യ" എന്നതു് ലോകസമക്ഷം സ്പഷ്ടമായി പ്രമാണീകരിച്ചിരുന്നുവെങ്കിലും, കാഞ്ചീപുരം മുഴുവൻ സ്വകീൎത്തി വ്യാപിച്ചിരുന്നുവെങ്കിലും, ശിഷ്യന്മാർ അദ്ദേഹത്തെ രണ്ടാമത്തെ ശങ്കരനെന്നു പറഞ്ഞു് സ്തുതിപൂജ

കൾ ചെയ്തിരുന്നുവെങ്കിലും, സാധനയില്ലാത്ത ദോഷത്താൽ അദ്ദേഹത്തിന്റെ ജ്ഞാനം കേവലം വാക്കിൽ മാത്രം പര്യവസാനിച്ചിരുന്നു. അതു നിമിത്തം അദ്ദേഹത്തിന് പാനഭോജനാദി വാസനകളുടെ ദാസത്വത്തിൽ നിന്നുപോലും തന്നേ ഉദ്ധരിപ്പാൻ സാധിച്ചിരുന്നില്ല.

ഒരു ദിവസം രഹസ്യമായി മററു ശിഷ്യന്മാരേ വിളിച്ച് യാദവൻ പറഞ്ഞു. "നോക്കിൻ! നിങ്ങളിലാരും എന്റെ വ്യാഖ്യാനത്തിന് യാതൊരു ദോഷവും കാണുന്നില്ല. എന്നാൽ ഈ അധികപ്രസംഗി രാമാനുജൻ എപ്പോഴെന്നാലപ്പോഴെല്ലാം എന്റെ അർത്ഥത്തിനു പ്രതിവാദംചെയ്യുന്നു. ബുദ്ധിമാനാണെങ്കിൽതന്നെ എന്തു്? അവന്റെ മനസ്സ് ദ്വൈതവാദമെന്ന പാഷണ്ഡത നിറഞ്ഞതാണ്. ഈ പാഷണ്ഡന്റെ കയ്യിൽ നിന്ന് നിഷ്കൃതി പ്രാപിയ്ക്കാൻ എന്താണ് ഉപായം?" ഉടനേ അതിൽ ഒരു ശിഷ്യൻ പറഞ്ഞു "മഹാശയ! അവനേ പാഠമണ്ഡപത്തിൽ പ്രവേശിപ്പിക്കരുതു്" അപ്പോൾ വേറൊരു ശിഷ്യൻ അതിന് ഇപ്രകാരം മറുപടിപറഞ്ഞു. "അങ്ങനെ ആയാൽ യാതൊന്നിനുവേണ്ടി അവിടുന്ന് ഭയപ്പെടുന്നു, അതുതന്നെ സംഭവിക്കും—അതായതു് രാമാനുജൻ സ്വന്തമായൊരു വിദ്യാലയം ഉണ്ടാക്കി അവിടെവച്ച് ദ്വൈതവാദം പ്രചാരപ്പെടുത്തും. ഇതിനു മുമ്പുതന്നെ 'സത്യം ജ്ഞാനമനന്തം ബ്രഹ്മ' എന്ന മന്ത്രത്തിന് ഒരു വിസ്തൃതമായ ടീക എഴുതി അതിൽ അദ്വൈതമതം ഖണ്ഡിച്ചിട്ടുള്ളതു് അങ്ങ് കേട്ടിട്ടില്ലയോ?" യഥാർത്ഥത്തിൽ രാമാനുജൻ ആ സമയം മുൻ പറഞ്ഞ മന്ത്രത്തിന് വിശദവും വിസ്തൃതവുമായ ഒരു ടീക രചിച്ച് പണ്ഡിതന്മാരുടെ സവിശേഷമായ പ്രീതിയ്ക്ക് പാത്രീഭവിച്ചിരുന്നു. കുറേനേരം ഈ വിധം വാദപ്രതിവാദങ്ങൾ ചെയ്തശേഷം എല്ലാവരും കൂടി നിശ്ചയിച്ചതു് രാമാനുജന്റെ പ്രാണനാശമല്ലാതെ മറെറാരു മാർഗ്ഗവുമില്ലെന്നു മാത്രമായിരുന്നു. ഇതു സ്ഥിരപ്പെടുത്തിയശേഷം പ്രയാസംകൂടാതെ, കൗശലത്തിൽ ആ കാര്യം സാധിക്കുന്നതിനേക്കുറിച്ച് ആലോചനതുടങ്ങി. ഒടുവിൽ യാദവപ്രകാശൻ പറഞ്ഞു. "നമുക്കെല്ലാവർക്കും പാപവിനാശിനിയായ ഗംഗയിൽ സ്നാനംചെയ്യാനായിട്ട് ഒരു തീർത്ഥയാത്ര പുറപ്പെടാം. നിങ്ങൾ ഈ വിവരം രാമാനുജനേ ധരിപ്പിച്ച് അവൻ നമ്മോടുകൂടി വരാൻ തക്കവണ്ണം കഴിയുന്നത്ര ശ്രമിക്കണം. ഈ തീർത്ഥയാത്രയുടെ ഉദ്ദേശം മറെറാന്നുമല്ല. ഈ പാഷണ്ഡന്റെ കയ്യിൽനിന്നും മോചനം ലഭിക്കുക മാത്രമാകുന്നു. വഴിമദ്ധ്യത്തിൽവച്ച് അവന്റെ കഥകഴിച്ച് ഭാഗീരഥി ജലത്തിൽ സ്നാനംചെയ്ത് ബ്രഹ്മഹത്യാദോഷത്തിൽനിന്നു നിഷ്കൃതിപ്രാപിയ്ക്കാം. ഇങ്ങനെ അദ്വൈതമതത്തിന്റെ കണ്ടക (ശത്രു)വും ഉൽപാടിതമാകും".

അദ്ധ്യാപകന്റെ ഈ യുക്തിപൂർണ്ണമായ ആലോചനകേട്ട് ശിഷ്യ

PRESENTED BY
SRI M. K. VASUDEVAN NAIR
MALAYINKIL

ന്മാർ അത്യന്തം സന്തുഷ്ടരായി. അതനുസരിച്ച് അവർ രാമാനുജനേ പുണ്യകരമായ ഗംഗാസ്നാനത്തിന്റെ പ്രലോഭനങ്ങൾ കാണിക്കുന്നതിനായി നടകൊണ്ടു.

രാമാനുജന്റെ മാതൃസോദരീപുത്രനായിട്ട് ഗോവിന്ദൻ എന്നൊരാൾ ഉണ്ടായിരുന്നു എന്ന് മുമ്പു പറഞ്ഞിട്ടുണ്ടല്ലോ, അവൻ രാമാനുജനെ പ്രാണനേക്കാൾ സ്നേഹിച്ചുവന്നിരുന്നു. ആചാര്യകുടുംബം ശ്രീപെരുമ്പുത്തൂർ വിട്ട് കാഞ്ചിപുരത്തുവന്നു താമസിച്ചപ്പോൾ ഗോവിന്ദനും അവരോടൊരുമിച്ചു താമസംതുടങ്ങി. രാമാനുജനും ഗോവിന്ദനും സമവയസ്കരായിരുന്നു. രാമാനുജൻ യാദവന്റെ ശിഷ്യനായപ്പോൾ ഗോവിന്ദനും അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ചു. രണ്ടാളും വിദ്യാലയത്തിൽ പോകുകയും വരികയും ചെയ്തിരുന്നത് മിക്കവാറും ഒരുമിച്ചുതന്നെ ആയിരുന്നു. യാദവശിഷ്യന്മാർ രാമാനുജനേ ഗംഗാസ്നാനത്തിനു സമ്മതിപ്പിച്ചു. കിം ബഹുനാ ഗോവിന്ദനും ആഗ്രഹാധിക്യത്താൽ ഗംഗാസ്നാനത്തിന് സന്നദ്ധനായി.

ഒരു ശുഭദിവസത്തിൽ സുമുഹൂർത്തത്തിൽ യാദവസനാഥമായ ശിഷ്യസഞ്ചയം തീർത്ഥദർശനത്തിനായിട്ട് ആര്യാവർത്തത്തിന് അഭിമുഖമായി സഞ്ചരിച്ചു. പുത്രന്റെ വിരഹം അസഹ്യമാണെങ്കിലും ധർമ്മശീലയായ കാന്തിമതീദേവി തനയന്റെ ഈ പുണ്യകർമ്മാനുഷ്ഠാനത്തിനു വിഘ്നമുണ്ടാക്കിയില്ല. കുറേദിവസങ്ങൾകൊണ്ട് സശിഷ്യനായ യാദവൻ വിന്ധ്യാചലസാനുവിലുള്ള ഗോണ്ഡാരണ്യത്തിലെത്തി. ആ സ്ഥലം അത്യന്തം ജനസഞ്ചാരശൂന്യമായിരുന്നു. ഉദ്ദേശസാദ്ധ്യത്തിന് അനുകൂലങ്ങളായ സ്ഥലകാലങ്ങളെ നിർണ്ണയിച്ചിട്ട് ദുഷ്ടനായ അദ്ധ്യാപകൻ നൃശംസവും ഭയങ്കരവുമായ ആ ഘോരകൃത്യം നിർവ്വഹിപ്പാൻ തയാറാകുന്നതിന് ശിഷ്യന്മാരോടാജ്ഞാപിച്ചു. ഈ സംഗതി ഗോവിന്ദനും അറിവാൻ ഇടയായി. സരളപ്രകൃതിയായ രാമാനുജനാകട്ടെ ഈ ദുരാലോചനയുടെ ബിന്ദുവിസർഗ്ഗങ്ങൾപോലും അറിവാൻ ശക്തനായില്ല. അതിനിർമ്മലവും സ്നേഹപൂർണ്ണവുമായ അദ്ദേഹത്തിന്റെ കോമളഹൃദയം കേവലം ആസുരവും ഭയാനകവുമായ ക്രൂരഭാവത്തെ പോഷിപ്പിക്കുവാൻ എങ്ങിനെ ശക്തമാകും? പരിശുദ്ധനായ മനുഷ്യൻ എല്ലാവരെയും പരിശുദ്ധന്മാരെന്നു വിചാരിക്കുന്നു. ഒരു ദിവസം രാമാനുജനും ഗോവിന്ദനും വഴിയരികിലുള്ള ഒരു സരസ്സിൽ കരമുഖക്ഷാളനത്തിനായി പോയി. അപ്പോൾ മററാരും ഇല്ലാതിരുന്നതിനാൽ ഗോവിന്ദൻ സകല വസ്തുതകളും രാമാനുജനെ ധരിപ്പിച്ചു. തീർത്ഥയാത്രയെന്നുള്ള വ്യാജേന പിശാചസ്വഭാവികളായ ആ നരാധമന്മാർ അദ്ദേഹത്തിന്റെ ജീവാപായം വരുത്താൻ നിശ്ചയിച്ചിരിക്കുന്ന വിവരം പ്രത്യേകം അറിയിച്ചു. "ദുർവൃത്തന്മാർ ഈ നിർജ്ജനാരണ്യത്തിൽവച്ച് അധികം താമസിയാതെ നിന്നെ നിഗ്രഹിക്കും. ആകയാൽ നീ എവിടെയെങ്കിലും ഒളിച്ചുകിടന്നുകൊള്ളണം." ഇത്രയും പറ

ഞ്ഞു; ശേഷം മററു സതീർത്ഥ്യന്മാരുടെ സമീപത്തേക്കു ഗോവിന്ദൻ നടകൊണ്ടു. യാദവപ്രകാശൻ രാമാനുജനെ അന്വേഷിച്ചതിൽ ശിഷ്യരുടെ കൂട്ടത്തിൽ അദ്ദേഹത്തെ കണ്ടില്ല. ഉടൻ എല്ലാവരും അദ്ദേഹത്തെ അന്വേഷിക്കുന്നതിൽ ബദ്ധശ്രദ്ധരായി. എന്നാൽ, വിജനവും വൃക്ഷലതാദികളാൽ ആവൃതവും ഇരുളടഞ്ഞതുപോലുള്ളതുമായ ആ ഘോരാരണ്യത്തിൽ ആരും തന്നെ അദ്ദേഹത്തിൻെറ യാതൊരു രഹസ്യവും അറിഞ്ഞിരുന്നില്ല. അവർ അദ്ദേഹത്തിൻെറ പേർ ചൊല്ലി ഉറക്കെ വിളിച്ചു. ഒരു മറുപടിയും ലഭിച്ചില്ല. ഒടുവിൽ രാമാനുജൻ നിശ്ചയമായും ഏതോ ഹിംസ്രജന്തുവിനാൽ കൊല്ലപ്പെട്ടു എന്നു തിച്ച്യയാക്കി എല്ലാവരും അകമേ അത്യന്തം ആനന്ദിച്ചു. ഗോവിന്ദനെ അദ്ദേഹത്തിൻെറ സ്വന്തമെന്നു കരുതി പുറമേ വലിയ ദുഃഖഭാവം പ്രദർശിപ്പിച്ചു. യാദവൻ തത്വജ്ഞാനങ്ങൾകൊണ്ടു് ജീവൻെറ നിസ്സാരത ശിഷ്യന്മാക്കു ബോദ്ധ്യമാക്കിയിട്ടു് "ആരും ആരുടേതുമല്ല" എന്നു പറഞ്ഞു് ഗോവിന്ദനെ സാന്ത്വനംചെയ്യാൻ ശ്രമിച്ചു. ഹാ! മാത്സര്യം മനുഷ്യനെ അധമനാക്കുന്നു. അദ്ധ്യാപകനായ യാദവപ്രകാശൻ അതിനു് ഉത്തമദൃഷ്ടാന്തമാകുന്നു.

---

# ഒരു ശിഷ്യൻെറ ഡയറി.

(തുടച്ചു.)

ഒരു ഭക്തൻ: "മഹാരാജ്, ഇതെല്ലാം വളരെ ദുർഗ്രാഹ്യമായിരിക്കുന്നു! നാ,—ത,— എന്നിവർ രണ്ടുപേരും ആത്മികമായി അത്യുന്നതി ലഭിച്ചവരായിരുന്നു. ഗുരുദേവൻ അവരെ രണ്ടുപേരെയും അനുഗ്രഹിച്ചു എന്നിട്ടും അവർ വഴിതെററിപ്പോയി. ഗുരുദേവനെ കാണാൻ ഇടവന്നവരെല്ലാം സംസാരത്തിൽനിന്നു ത്രാണനംചെയ്യപ്പെട്ടുവെന്നു ചിലർ വിചാരിക്കുന്നു. രാമബാബുവിൻെറയും മതം ഇതായിരുന്നു."

സ്വാമികൾ: "അദ്ദേഹത്തിൻെറ സ്ഥിതി അസാധാരണമാണു്. അദ്ദേഹത്തിനു് എത്ര അഗാധവിശ്വാസമുണ്ടായിരുന്നു. അന്ത്യകാലത്തു് അദ്ദേഹം ആത്മികഭാവത്തിനു് സർവ്വവും ത്യജിച്ചു. മററുള്ളവർ വിശ്വാസമുണ്ടെന്നു നടിക്കുക മാത്രം ചെയ്യുന്നു. വാസ്തവത്തിൽ അവക്കു് അതില്ല......"

"ഒരു മഹാത്മാവിനെ കാണുന്നതുമാത്രംകൊണ്ടു പോരാ. ധ്യാനിക്കയും അദ്ദേഹത്തിൻെറ ഗുണങ്ങളെ നമ്മുടെ അനുഭവത്തിൽ വരുത്തുകയും വേണം. വിവേകവും വൈരാഗ്യവും ഉണ്ടായിരിക്കണം.

ദക്ഷിണേശ്വരത്തു ഭഗവാനോടൊരുമിച്ചു എത്ര ആനന്ദമായിട്ടാണ് ഞങ്ങൾ ജീവിച്ചതു്!' ചിലപ്പോൾ നേരംപോക്കു പറഞ്ഞു് അദ്ദേഹം ഞങ്ങളെ വയറു പിളക്കുമാറു ചിരിപ്പിക്കും. ഇന്നു ഞങ്ങൾക്കു് ഗാഢധ്യാനംകൊണ്ടുപോലും ലഭ്യമല്ലാത്ത ആത്മികാനുഭൂതി അന്നു ഞങ്ങൾക്കു തനിയെ യാതൊരു യത്നവും കൂടാതെ ലഭിക്കുമായിരുന്നു. എന്റെ മനസ്സ് സ്വല്പമെങ്കിലും വഴിതെററിയാൽ അദ്ദേഹത്തിനു് അതു എന്നെ കാണുമ്പോൾതന്നെ അറിയാമായിരുന്നു. ഉടൻതന്നെ അദ്ദേഹം എന്റെ മേൽ കൈവച്ചു തലോടുകയും അങ്ങിനെ ശരിപ്പെടുത്തുകയും ചെയ്യുമായിരുന്നു. എനിക്കു് അദ്ദേഹത്തിന്റെ അടുക്കൽ സർവ്വവിധ സ്വാതന്ത്ര്യവും ഉണ്ടായിരുന്നു. അർദ്ധവൃത്താകൃതിയിലുള്ള പടിഞ്ഞാറെ പൂമുഖത്തുവച്ച് ഒരുദിവസം ഞാൻ അദ്ദേഹത്തിന്റെ ദേഹത്തു എണ്ണതേപ്പിച്ചുകൊണ്ടിരുന്നു. ഏതോ കാർയ്യത്താൽ എനിയ്ക്കു് അദ്ദേഹത്തിന്റെനേക്കു കോപം തോന്നി. ഞാൻ എണ്ണപ്പാത്രമെടുത്തു വലിച്ചെറിഞ്ഞിട്ട് പിന്നൊരിക്കലും അദ്ദേഹത്തിന്റെ അടുത്തു പോകയില്ലെന്നുള്ള നിശ്ചയത്തോടുകൂടി ഇറങ്ങിപ്പോയി. അമ്പലത്തിനു വെളിക്കിറങ്ങി, യദുമല്ലികന്റെ ഉദ്യാനമന്ദിരത്തിനടുത്തെത്തി. അപ്പോൾ എനിയ്ക്കു മുന്നോട്ടു പോകാൻ സാധിയ്ക്കാതായി. ഞാൻ അവിടെയിരുന്നു. അപ്പോഴേയ്ക്കു് അദ്ദേഹം എന്നെ തിരിച്ചു വിളിച്ചുകൊണ്ടുചെല്ലുന്നതിനായിട്ട് ര നെ നിയോഗിച്ചു. ഞാൻ ചെന്നപ്പോൾ അദ്ദേഹം ചോദിച്ചു:—"കണ്ടോ? നിനക്കു പോകാൻ സാധിച്ചോ എന്നു്.

"ഒരിക്കൽ ഞാൻ ഒരു തെററുചെയ്തു. അതിനെപ്പററി എനിക്കു വളരെ മനസ്താപമുണ്ടായി. അദ്ദേഹത്തിന്റെ അടുക്കൽചെന്നു സങ്കടമറിയിയ്ക്കാനായി ചെന്നു അദ്ദേഹത്തിന്റെ ജലപാത്രവുമെടുത്തുകൊണ്ടു് അദ്ദേഹത്തെ അനുഗമിക്കുന്നതിനു് അദ്ദേഹം എന്നോടു് ആജ്ഞാപിച്ചു. കുറച്ചു കഴിഞ്ഞു മടങ്ങിവരുമ്പോൾ, "ഇന്നലെ രാത്രി നീ ഇന്നവിധം ചെയ്തു. ഇല്ലേ? ഇനി നീ ഒരിയ്ക്കലും ചെയ്യരുതു്." എന്നും പറഞ്ഞു. ഞാൻ അത്ഭുതപ്പെട്ടു നിശ്ശബ്ദനായി നിന്നു. ഞാൻ ഒന്നും പറഞ്ഞില്ല. എന്നിട്ടും അദ്ദേഹം അതു് എങ്ങിനെ അറിഞ്ഞു?

"വേറൊരിയ്ക്കൽ ഞാൻ കൽക്കട്ടായിൽനിന്നു മടങ്ങിവരുമ്പോൾ അദ്ദേഹം എന്നോടു്, എനിയ്ക്കു നിന്റെനേക്കു നോക്കാൻ കഴിയാത്തതെന്തു്? നീ എന്തെങ്കിലും തെററുചെയ്തോ? എന്നു ചോദിച്ചു. ഞാൻ ഒരു കള്ളം പറഞ്ഞുവെന്നുള്ളതു മറന്നുപോയതുകൊണ്ടു് "ഇല്ല" എന്നുത്തരം പറഞ്ഞു. 'നീ ഒരു കള്ളം പറഞ്ഞില്ലേ'? എന്നു് അദ്ദേഹം ചോദിച്ചു. അപ്പോൾ അതു ശരിയാണെന്നുള്ളതു ഞാൻ ഓർത്തു......"

1930 മെമാസം 29.

ശ്രീരാമകൃഷ്ണദേവൻ ദക്ഷിണേശ്വരത്തു താമസിയ്ക്കുന്നകാലത്തു് സാധാരണ ദിവസങ്ങൾ എങ്ങിനെയാണ് കഴിച്ചുവന്നതെന്നറിയാൻ ആഗ്രഹത്തോടുകൂടി ശിഷ്യൻ, വളരെക്കാലം ശ്രീരാമകൃഷ്ണദേവനെ ശുശ്രൂഷിച്ചിട്ടുള്ള രാ—ൻെറ അടുത്തുചെന്നു ചോദിച്ചു.

രാ—"സാധാരണയായിട്ട് അദ്ദേഹം വെളുപ്പിനു മൂന്നുമൂന്നരമണിയ്ക്ക് എഴുന്നേൽക്കും. അദ്ദേഹം കിടക്കയിൽനിന്നു താഴെ ഇറങ്ങുമ്പോഴേയ്ക്കു ഞാനും ഉണന്നു് 'അങ്ങ് ഉണന്നോ?' എന്നു ചോദിയ്ക്കും. 'ഉവ്വ്' എന്നു് അദ്ദേഹം ഉത്തരം പറയും......... ഞാൻ ഉടൻതന്നെ അദ്ദേഹത്തിനു മുമ്പേയോ പിമ്പേയോ ജലപാത്രവും ഒരു തോത്തുമായിട്ടു പോകും......അദ്ദേഹം കുളത്തിൻെറ കരയ്ക്കുചെന്നു്, ഘട്ടത്തിൽ മുണ്ടു് അഴിച്ചു ദൂരെയിട്ടു കാലാട്ടിക്കൊണ്ടിരിക്കും. ഞാൻ വെള്ളം കൊണ്ടുവന്നാലുടൻ അദ്ദേഹം മുഖവും കൈകാലുകളും കഴുകും. പിന്നീട് മടങ്ങി സ്വന്തമുറിയിലേയ്ക്കു പോകും. ഞാൻ വേഗത്തിൽ പാത്രംതേച്ചു മുണ്ടും നനച്ചുകൊണ്ടു പുറകെ എത്തും. മുറിയിൽചെന്നു വേറെ വസ്ത്രം ധരിച്ചശേഷം തെക്കെ വരാന്തയിൽ ചെന്നിരുന്നു പല്ലുതേയ്ക്കും......പിന്നീട് സ്വല്പം ഗംഗാജലം കയ്യിലെടുത്തിട്ട് 'ബ്രഹ്മവാരി! ബ്രഹ്മവാരി! ഗംഗാ! ഗംഗാ! ഹരി: ഓം തത്സത്!' എന്നു പറഞ്ഞു ശിരസ്സിൽ തളിയ്ക്കും. പിന്നീട് ഒരു ചെറിയ സഞ്ചിയിൽനിന്നു് കുറച്ചു ജഗന്നാഥപ്രസാദവും കാളീദേവിയുടെ പ്രസാദവും എടുത്തു ഭക്ഷിയ്ക്കും. താരകേശ്വരക്ഷേത്രത്തിൽ അച്ചിച്ചശേഷം കൊണ്ടുവന്നു വച്ചിരിക്കുന്ന ബില്വദളവും ഒന്നുരണ്ടു ഭക്ഷിക്കും. പിന്നീട് കൈരണ്ടും ചേത്തു പിടിച്ചുകൊണ്ട് തൻെറ മുറിയിൽ വച്ചിട്ടുള്ള സകല ദേവന്മാരുടെയും ചിത്രങ്ങളെ വന്ദിക്കും. അനന്തരം ചെറിയ കട്ടിലിൽ ഇരിക്കും.

"ഭഗവാൻ സാധാരണയായി രണ്ടു ഭാവാസ്ഥകളിലായിരുന്നു ഇരുന്നുവന്നതു്. ചില ദിവസം ചടങ്ങനുസരിച്ചുള്ള എല്ലാ ശുദ്ധാശുദ്ധങ്ങളും അനുസരിക്കും. വേറെ ചില ദിവസങ്ങളിൽ അതൊന്നും നോക്കുകയില്ല. ഈ ഒടുവിലത്തെമാതിരി ദിവസങ്ങളിൽ കുളിയിലോ ശൌചത്തിലോ നിഷ്കഷ്വയ്ക്കയില്ല. കുളക്കരയിൽനിന്നു മടങ്ങി വന്നാലുടൻ ഭക്ഷണം ചോദിക്കും. ഊണുകഴിഞ്ഞാൽ കൈ കഴുകുന്നതുതന്നെയും വളരെ ശ്രദ്ധയില്ലാതെയാണ്......"നോക്കൂ അമ്മ എന്നെ ചിലപ്പോൾ ബാലഭാവത്തിലും ചിലപ്പോൾ ഉന്മത്തഭാവത്തിലും ചിലപ്പോൾ പിശാചഭാവത്തിലും വച്ചുകൊണ്ടിരിക്കുന്നു." എന്നു് അദ്ദേഹം എന്നോടൊരിക്കൽ പറഞ്ഞു മനസ്സിലാക്കി.

"ഭക്തന്മാരോടുള്ള സംഭാഷണം കഴിഞ്ഞു് ഏകദേശം മണി പന്ത്രണ്ടു

പത്താകുമ്പോഠം ഞാൻ അദ്ദേഹത്തിന്റെ ദേഹത്തു് എണ്ണതേപ്പിക്കും. എന്നാൽ തലയിൽ തേപ്പിക്കുന്നതു് അദ്ദേഹത്തോടു ചോദിച്ച പ്രത്യേകം അനുവാദം വാങ്ങിയശേഷമെ ഉള്ളു. ഒരു ദിവസം അദ്ദേഹത്തോടു ചോദിക്കാതെ എണ്ണ തേപ്പിക്കുന്നതിനായി ഞാൻ അദ്ദേഹത്തിന്റെ തലയിൽ തൊട്ടു. ഉടൻ അദ്ദേഹം വല്ലാതെ കോപിച്ച് എന്നെ അടിയ്ക്കാൻ ഭാവിക്കയും പെട്ടെന്നു സമാധിയിൽ പ്രവേശിക്കയും ചെയ്തു. ഞാൻ വല്ലാതെ പരിഭ്രമിച്ചു. ഭയംകൊണ്ടു് എന്റെ നെഞ്ചിടിക്കാൻ തുടങ്ങി. വളരെ സമയം കഴിഞ്ഞു് ഒരു ദീഘശ്വാസത്തോടുകൂടി അദ്ദേഹം ബാഹ്യബോധം പ്രാപിച്ചു. പിന്നീടു് അദ്ദേഹം പറഞ്ഞു. "നീ എന്റെ തലയിൽ അങ്ങിനെ കൈ വയ്ക്കരുതു്. ആത്മികമായ ഏതു നിലയിലാണു് ഞാൻ അപ്പോഠം ഇരിക്കുന്നതെന്നു നിനക്കറിയാൻ സാധിക്കയില്ല. എന്റെ തലയിൽ തൊടുന്നതിനു മുമ്പു് എന്റെ അനുവാദം ചോദിച്ചുകൊള്ളണം."

"പിന്നീടു് ഒരു ദിവസം അദ്ദേഹത്തിന്റെ തലമുടിയിൽ ഒരു നൂലിരിക്കുന്നതു കണ്ടു് ഞാൻ ഓക്കാതെ അതെടുക്കുന്നതിനു കൈ നീട്ടി. അപ്പോഠം അദ്ദേഹം ദേഷ്യപ്പെട്ടുകൊണ്ടു് "എന്തു്! നീ പിന്നെയും എന്റെ തലയ്ക്കു തൊടാൻ ഭാവിക്കയാണോ?" എന്നു ചോദിച്ചു. അദ്ദേഹം മുമ്പു് എന്നോടു പറഞ്ഞതു ഞാൻ അപ്പോഠം ഓത്തില്ല......എണ്ണതേപ്പു കഴിഞ്ഞാൽ അദ്ദേഹം ഗംഗയുടെ പടിഞ്ഞാറെഘട്ടത്തിൽ കുളിക്കാൻ പോകും. കുളികഴിഞ്ഞു കാളീക്ഷേത്രത്തിലേയ്ക്കു പോകും. അവിടെ അദ്ദേഹം അമ്മയെ പുഷ്പങ്ങളെക്കൊണ്ടലംകരിക്കുയോ ചിലപ്പോഠം അമ്മയുടെ പാദത്തിൽ പുഷ്പവും ബില്വദളവും അച്ചിക്കയോ ചിലപ്പോഠം തന്നത്താൻ പുഷ്പങ്ങഠംകൊണ്ടു് അച്ചിച്ചു സമാധിയിൽ പ്രവേശിക്കയോ ചെയ്യും."

1913 മേ മാസം 30.

ഉച്ചതിരിഞ്ഞു് ബെലൂർ മഠത്തിലെ അഭ്യാഗതശാലയിൽ ശ്രീ ശ്രീരാമകൃഷ്ണ കഥാമൃതം വായന നടക്കുന്നു. ശിഷ്യൻ അതു കേട്ടുകൊണ്ടിരിക്കുന്നു. വായനയുടെ ഇടയ്ക്കു "ശ്രീരാമകൃഷ്ണദേവൻ ഒരാളെ ശിഷ്യനാക്കി സ്വീകരിക്കുന്നതു് അയാളുടെ നടപടികളും ആചാരങ്ങളും ശരീരപ്രകൃതിയും മററും നല്ലവണ്ണം പരിക്ഷിക്കയും വിട്ടുകാരെപ്പററി വേണ്ട അന്വേഷണം നടത്തുകയും വല്ല കടമുണ്ടോ എന്നു ചോദിച്ചറിയുകയും ചെയ്തശേഷമെ ചെയ്യാറുണ്ടായിരുന്നുള്ളു." എന്നു് ആരൊ പറഞ്ഞു. ഇതു കേട്ടപ്പോഠം ശിഷ്യൻ പറഞ്ഞു:—"അങ്ങിനെയാണെങ്കിൽ അദ്ദേഹത്തിന്റെ കൃപയ്ക്കു് എല്ലാവരും പാത്രങ്ങളായിരുന്നുവെന്നു പറയുന്നതു് ശരിയല്ലല്ലൊ. എത്ര നീചനും പതിതനും അദ്ദേഹത്തിന്റെ പാദപത്മങ്ങഠം അഭയം നൽകുമായിരുന്നുവെന്ന അത്ഥത്തിൽ ഒരു ഭക്തൻ അദ്ദേഹത്തെപററി ഒരു പാട്ടെഴുതിയിട്ടുള്ളതു സത്യമല്ലല്ലൊ" എന്നു്.

ശ്രീമൽ പ്രേമാനന്ദസ്വാമികൾ:—"എന്തുകൊണ്ടു സത്യമല്ല? അദ്ദേഹം ഗിരീശചന്ദ്രഘോഷനിലും മററനേകം വേശ്യകളിലും തൻെറ കൃപ വഷിച്ചില്ലേ? ഒരു ദിവസം ബലരാമബാബുവിൻെറ വീട്ടിലെ സ്ത്രീകൾ ഗുരുദേവൻെറ മുറിയിൽ ഇരിക്കുന്ന സമയത്തു് രമണി എന്ന ഒരു വേശ്യ അടുത്തുള്ള ഒരു റോഡിൽക്കൂടി കടന്നുപോയി. ഗുരുദേവൻ ഉറക്കെ അവളോട് 'നീ ഈയിടെ വരാംതതെന്ത്?' എന്നു വിളിച്ചുചോദിച്ചു. ഗുരുദേവൻ ഒരു വേശ്യയോടു സംസാരിക്കുന്നതുകണ്ട് അവിടെയിരുന്ന സ്ത്രീകൾക്കു വല്ലാത്ത അസുഖം തോന്നി.

"കുറച്ചുകഴിഞ്ഞു ഗുരുദേവൻ അവരോടൊരുമിച്ചു ക്ഷേത്രപ്രദേശങ്ങൾ കാണാൻ പോയി. കാളിക്ഷേത്രത്തിലെത്തിയപ്പോൾ ഗുരുദേവൻ ദേവിയെ നോക്കി, "അമ്മേ, അമ്മതന്നെ വേശ്യയായിത്തീൎന്നിരിക്കുന്നു. അമ്മതന്നെ വേശ്യയും സതിയും." എന്നു പറഞ്ഞു. അപ്പോൾ രമണിയെ വെറുക്കുന്നതു ശരിയല്ലെന്നും അവളും ലോകമാതാവെന്നറിഞ്ഞാണ് സംസാരിച്ചതെന്നും, തങ്ങളുടെ സ്വഭാവശുദ്ധിയിൽ തങ്ങൾക്കഭിമാനിക്കാൻ യാതൊന്നുമില്ലെന്നും എല്ലാം ജഗദംബയുടെ ഇച്ഛകൊണ്ടാണ് നടക്കുന്നതെന്നും ആ സ്ത്രീകൾക്കു മനസ്സിലായി."

ശിഷ്യൻ:—വേശ്യയെ വെറുക്കാതിരുന്നതു ഗുരുദേവനു ശരിയായിരിക്കാം. എന്നാൽ നമുക്ക് അവരോടു വെറുപ്പില്ലെങ്കിൽ നാം അവരിൽനിന്ന് എങ്ങിനെ അകന്നിരിക്കും? നമുക്ക് അവരോടു വെറുപ്പില്ലെങ്കിലും അവരുടെ സ്ഥിതി ദയനീയമാണെന്നുള്ള ബുദ്ധി വേണ്ടേ?

സ്വാമികൾ:—നിങ്ങൾ എന്തിനു വെറുക്കുന്നു? ദയയും അനുകമ്പയും കൂടി അഹന്തയിൽനിന്നാണ് വരുന്നത്. വ്യാഘ്രനാരായണനേയും ഗജനാരായണനേയും പററി ഗുരുദേവൻ പറയുന്നതു കേട്ടിട്ടില്ലേ? ആനയുടേയും കടുവായുടേയും അടുത്തുനിന്നു മാറിയിരിക്കാൻ നാം അവയെ വെറുക്കുകയോ അവയോട് അനുകമ്പയുള്ളവരായിരിക്കയോ വേണമെന്നുണ്ടോ? സൎവ്വേശ്വരൻെറ ഇച്ഛകൊണ്ടാണ് അവർ ആ നിലയിലും നീ നിൻെറ നിലയിലും ഇരിക്കുന്നതെന്നും അദ്ദേഹം ഇച്ഛിച്ചാൽ നീ അവരുടെ നിലയിലും അവർ നിൻെറ നിലയിലും എത്തിച്ചേരുമെന്നും അറിഞ്ഞു് അവരെ ദൂരെനിന്നു വന്ദിക്കുക. നീ നിൻെറ അഹന്തയും ഡംഭും എന്നേയ്ക്കുമായി നശിപ്പിച്ചു കളയുക. അന്നു വേശ്യയായിരുന്ന രമണി ഇന്ന് ഭഗവന്നാമം കേൾക്കുന്ന നിമിഷം അശ്രുധാര പൊഴിക്കുന്ന ഒരു മഹാ ഭക്തയായിത്തീൎന്നിരിക്കുന്നു.

**1913 ജൂൺ 17.**

ഇന്നും ബെലൂർ മഠത്തിലെ അഭ്യാഗതശാലയിൽ തന്നെ. ഉച്ചതിരിഞ്ഞു ശ്രീ ശ്രീരാമകൃഷ്ണകഥാമൃതക്ലാസുകഴിഞ്ഞു. അപ്പോൾ ശ്രീമൽ പ്രേമാനന്ദസ്വാമികൾ പറഞ്ഞു.

"സാധകന്മാരെല്ലാം ഈശ്വരന്റെനേക്ക് ഒരു പ്രത്യേകഭാവം സ്ഥിരമായവലംബിച്ചു സാധനചെയ്യണം. ആ ഭാവത്തിൽ ഉറച്ചുനില്ക്കയും വേണം. ഏതെല്ലാം അവസ്ഥവന്നാലും ആ ഭാവം വിടാൻ പാടില്ല. അനേകം ഭാവങ്ങളുണ്ട്. സഖാവ്, കാന്തൻ, ശ്രീകൃഷ്ണസഹോദരനായ ബലരാമൻ എന്നീ നാനാഭാവങ്ങളിലും ഗുരുദേവൻ സാധനചെയ്തിട്ടുണ്ട്. മഹാദേവഭാവത്തിലും സാധനചെയ്യാം.

"ലോകത്തോട് അത്യന്തവൈരാഗ്യവും ഈശ്വരലാഭത്തിനുള്ള കഠിനവ്യാകുലതയും വേണം. ഈ ജന്മത്തുതന്നെ എനിയ്ക്ക് അദ്ദേഹത്തെ അനുഭവപ്പെടുത്തണം. ഇന്നുതന്നെ വേണം' എന്ന ബുദ്ധിയുണ്ടായിരിക്കണം. മന്ദഗതി പററുകയില്ല. അദ്ദേഹത്തിൽ നിമഗ്നനായില്ലെങ്കിൽ നിന്റെ കർമ്മംകൊണ്ടു യാതൊരു പ്രയോജനവുമില്ലെന്നു നീ ഓർത്തുകൊള്ളണം. നിന്റെ ഹൃദയത്തെ ക്ഷേത്രമാക്കി ഭഗവാനെ അതിൽ പ്രതിഷ്ഠിക്കുക. ഭഗവാന്റെ നാമം ഗ്രഹിച്ച് അദ്ദേഹത്തിൽ എന്നേയ്ക്കും പൂർണ്ണമായി ലയിക്കുക."

അടുത്ത ദിവസം ശ്രീമൽ പ്രേമാനന്ദസ്വാമികളുടെ അമ്മ മഠത്തിൽ വന്നു. അവർ വന്നു കുറച്ചുനേരം വിശ്രമിച്ചശേഷം ശിഷ്യൻ അവരുടെ അടുത്തുചെന്ന് "ഗുരുദേവൻ നിങ്ങളുടെ മകനെ വേണമെന്നു നിങ്ങളോട് ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞ വാക്കുകൾ എന്താണെന്ന് അദ്ദേഹം പറഞ്ഞ വാചകത്തിൽ പറയണം." എന്നാവശ്യപ്പെട്ടു.

അവർ പറഞ്ഞു:—"ഗുരുദേവൻ പറഞ്ഞു: 'എനിയ്ക്കു നിങ്ങളുടെ മകനെ തരിക. അവൻ എനിയ്ക്ക് ഒരു ഗ്ലാസ്സു വെള്ളം തരുമ്പോൾ കൂടി എനിയ്ക്കു വലിയ സന്തോഷം തോന്നുന്നു." എന്ന് അതിനുത്തരമായി ഞാൻ പറഞ്ഞു: 'ഏതെങ്കിലും ഒരു സ്ത്രീ തന്റെ മകനെ വെറുതെ, പ്രതിഫലമൊന്നും വാങ്ങാതെ, കൊടുക്കാറുണ്ടോ? എന്ന്. അപ്പോൾ അദ്ദേഹം ചിരിച്ചുകൊണ്ടു പറഞ്ഞു: 'ഞാൻ നിങ്ങൾക്ക് എന്തു തരണം? നിങ്ങൾക്കു നിങ്ങളുടെ ഇഷ്ടദേവനിൽ ഭക്തിയുണ്ടാകട്ടെ! എന്ന്'.

1915 മേ 29, 30.

ശ്രീമൽ പ്രേമാനന്ദസ്വാമികൾ കിഴക്കെ ബംഗാളത്തുള്ള രാരിഖാൽ സന്ദർശിക്കുന്നതിലേയ്ക്കു വന്നു സർ ജഗദീശചന്ദ്രബസുവെന്ന സുപ്രസിദ്ധ സസ്യശാസ്ത്രാചാര്യന്റെ പൈതൃകഗൃഹത്തിൽ താമസിക്കുന്നു. ഗ്രാമവാസികൾ ശ്രീരാമകൃഷ്ണദേവന്റെ ജന്മോത്സവം ആഘോഷിക്കുന്നു. എല്ലാ ജാതി ജനങ്ങൾക്കും വലിയ ഉത്സാഹം. പുരുഷന്മാരും സ്ത്രീകളും ഹിന്ദുക്കളും മഹമ്മദീയരും എല്ലാം സ്വാമികളെ കാണാൻ വരുന്നു. എല്ലാവർക്കും അദ്ദേഹത്തോടു ഭക്തിയും പ്രേമവും തോന്നുന്നു. ഡാക്കായിലെ ഒരു വിദ്യാലയത്തിൽ അദ്ധ്യാപകനായ ഒരാൾ സ്വാമികളോടു തന്റെ കുടുംബസംബന്ധമായ കഷ്ടപ്പാടുകളെപ്പററി പറയുന്നു. അപ്പോൾ സ്വാമികൾ പറയുന്നു:—

"മണിമല്ലികൻ എന്ന ഒരു ബ്രാഹ്മഭക്തൻ ശ്രീരാമകൃഷ്ണദേവനെ കാണാൻ വരാറുണ്ടായിരുന്നു. അയാളുടെ മൂത്ത മകൻ ഗുരുദേവനെ കേശവചന്ദ്രസേനന്റെ സംഘത്തിൽവച്ചു കാണുകയും അനന്തരം അച്ഛന്റെ അടുത്തുചെന്നു്, 'അദ്ദേഹം ഒരു ശരിയായ സന്യാസിയാണെന്നു തോന്നുന്നു. ചെന്നുകാണുക' എന്നു പറയുകയും ചെയ്തിട്ടാണു് മണിമല്ലികൻ ആദ്യം കാണാൻ വന്നതു്. മണിമല്ലികനെ ആദ്യം കണ്ടപ്പോൾ തന്നെ ഗുരുദേവൻ, 'നിങ്ങൾ ഇന്നാരുടെ അച്ഛനല്ലേ? നിങ്ങളെ കണ്ടിട്ടു് അതുപോലെ ഇരിക്കുന്നു' എന്നു പറയുകയുമുണ്ടായി. കുറേനാൾ കഴിഞ്ഞു് ആ മകൻ മരിച്ചു. മല്ലികൻ അടക്കാൻപാടില്ലാത്ത മനോവേദനയോടുകൂടി ശ്രീരാമകൃഷ്ണദേവന്റെ അടുത്തുവന്നു. അപ്പോൾ ആദ്യം ഭഗവാൻ പറഞ്ഞു: 'ശരി എന്നാൽ നിങ്ങൾക്കു് എന്തുചെയ്യാൻ കഴിയും? പുത്രന്റെ മരണം ഒരുനിസ്സാരസംഗതിയല്ല." എന്നും മററും. പിന്നീടു് കുറച്ചുനേരം മിണ്ടാതിരുന്നു. അതിനുശേഷം അദ്ദേഹം കൈകൊട്ടിക്കൊണ്ടു്, "ആയുധം ധരിയ്ക്കു! ആയുധം ധരിയ്ക്കു! ഹേ! മനുഷ്യാ! മൃത്യു നിന്റെ ഗൃഹത്തിലേയ്ക്കു യുദ്ധസന്നാഹത്തോടുകൂടി കടക്കുന്നു.' എന്ന അത്ഥത്തിലുള്ള പാട്ടുപാടാൻ തുടങ്ങി. കുറെ സമയം കഴിഞ്ഞു്, 'എന്റെ മനസ്സ് ഇപ്പോൾ പൂണ്ണശാന്തതയെ പ്രാപിച്ചിരിക്കുന്നു. ഇനി എനിക്കു യാതൊരു ക്ലേശവുമില്ല'. എന്നു മണിമല്ലികൻ പോകുന്നതിനു മുമ്പു പറഞ്ഞു."

അടുത്തദിവസം തന്നോടുകൂടിവന്ന സന്യാസിമാരെ നോക്കി സ്വാമികൾ പറഞ്ഞു: 'ഗ്രാമവാസികളുടെ ഉത്സാഹംകണ്ടു ഞാൻ അത്യാനന്ദഭരിതനായിരിക്കുന്നു. ഗുരുദേവൻ എത്ര വളരെപ്രാവശ്യം ഞങ്ങൾക്കു മധുരപ്പലഹാരങ്ങൾ തന്നിട്ടുണ്ടു്. അദ്ദേഹം ഞങ്ങളെ എത്ര അധികം സ്നേഹിച്ചു. അങ്ങിനെയാണു് ഞങ്ങൾ അദ്ദേഹത്തിന്റെ അടുത്തുപോയതു്. എന്നാൽ അവക്കു് (ഗ്രാമവാസികൾക്കു) എന്തു കിട്ടി? അവർ അദ്ദേഹത്തെപ്പററി പുസ്തകങ്ങളിൽ വായിച്ചിട്ടേയുള്ളൂ. എന്നിട്ടും അവർ എത്ര സന്തോഷവും ഉത്സാഹവും പ്രദർശിപ്പിക്കുന്നു. ഈ വലിയ കൊടുവെയിലിൽ അവർ തന്നെ സ്റ്റേഷനിൽചെന്നു് കുടയും ചെരുപ്പുംകൂടിയില്ലാതെ തന്നത്താൻ സാമാനങ്ങളെല്ലാം ചുമന്നുകൊണ്ടുവരുന്നു. അവർ തന്നെ എല്ലാവക്കും ആഹാരം പാകംചെയ്യുന്നു. കാളറാ രോഗികളേയും മററും ശുശ്രൂഷിച്ചു് അഹന്തയും അഭിമാനവും ഭയവും നശിപ്പിക്കുന്നു. അവർ ശാസ്ത്രപഠനത്തിലും ശ്രദ്ധിക്കുന്നു. ഇതെല്ലാം എനിയ്ക്കു് അളവററ സന്തോഷം തരുന്നു. ഇതെല്ലാം കാണാനാണു് ഞാൻ ഈ ദേശങ്ങളിലേയ്ക്കു് ഓടിവരുന്നതു്. അല്ലാതെ പേരും പെരുമയും സമ്പാദിക്കാനല്ല. ഞാൻ എന്തു ചെയ്യുന്നു? ഗുരുദേവൻതന്നെ സവ്വവും സാധിച്ചിരിക്കുന്നു. 'ഗുരുദേവൻ എല്ലാ ഗൃഹത്തിലും ആരാധിക്കപ്പെടും. നിങ്ങളെല്ലാവരും പുറത്തിറങ്ങി അദ്ദേഹത്തിന്റെ നാമം സവ്വത്ര പ്രചരിപ്പിക്കിൻ' എന്നു സ്വാമിജി (വിവേകാന

ന്ദസ്വാമികൾ) പറഞ്ഞിട്ടുണ്ട്. അല്ലെങ്കിൽ എന്നെപ്പോലെയുള്ള ഒരു അജ്ഞൻ എന്താണ് പ്രസംഗിക്കുക?......ഇതെല്ലാം കാണുമ്പോൾ ഞാൻ തന്നെ മനസ്സിൽ വിചാരിക്കുന്നു:—"ഈ ശരീരം ഒരു ദിവസം നശിക്കും* ആരോഗ്യം കിട്ടാൻ വേണ്ടി വീട്ടിലിരുന്നിട്ടു പ്രയോജനമെന്തു്? എൻെറ സാന്നിധ്യം ജനങ്ങൾക്ക് ഏതെങ്കിലുംവിധത്തിൽ ഉപകാരപ്രദമാകുമെങ്കിൽ ഞാൻ യാത്രാക്ലേശങ്ങളും മററു സകല അസുഖങ്ങളും സഹിച്ചുകൊള്ളാം. സാരമില്ല' എന്നു്. അല്ലെങ്കിൽ ഞാൻ എന്തിനാണ് ഉറങ്ങാതെ, കൃത്യസമയത്തു് ആഹാരവുംകഴിയ്ക്കാതെ, ഇങ്ങിനെ ബുദ്ധിമുട്ടനുഭവിക്കുന്നതു്? ഇതിലൊന്നിലും സുഖമൊന്നുമില്ലെന്നു നിങ്ങൾതന്നെ കാണുന്നില്ലേ?

"ഗുരുദേവനും സ്വാമിജിയും ദീർഘദൃഷ്ടികൊണ്ടറിഞ്ഞു പറഞ്ഞതെല്ലാം വാസ്തവത്തിൽ ഈ ദേശത്തു ഞാൻ കാണുന്നു. നിങ്ങൾ വളരെയധികമൊന്നും ചെയ്യേണ്ടതില്ല. ഇതെല്ലാമൊന്നു സൂക്ഷിച്ചു നോക്കുകമാത്രം മതി. ഗുരുദേവൻെറനേക്കു ഭക്തി തനിയെ ഉണ്ടായിക്കൊള്ളും. അദ്ദേഹത്തിൻെറ നാമം ജപിക്കയും അദ്ദേഹത്തെ ധ്യാനിക്കയും ഇടവിടാതെ ചെയ്യാൻ എളുപ്പമാണോ? അസാധ്യം. അതുകൊണ്ടു് കഴിയുന്നിടത്തോളം സമയം ധ്യാനിച്ചശേഷം ബാക്കി സമയം അന്യന്മാരെ നിസ്സ്വാർത്ഥമായി ശുശ്രൂഷിക്കുന്നതിനു ചിലവാക്കുവിൻ. അങ്ങിനെ, ക്രമേണ നിങ്ങളുടെ മനസ്സു ശുദ്ധമാകയും ഭഗവാങ്കൽ ആസക്തമാകയും ചെയ്യും."

വേറൊരിക്കൽ സംഭാഷണമദ്ധ്യേ സ്വാമികൾ തൻെറ ബാല്യകാലത്തെ സ്ഥിതികളെപ്പററി ഇപ്രകാരം പറകയുണ്ടായി.

"എൻെറ അമ്മ കൂടക്കൂടെ ഒരു മുറിയ്ക്കകത്തു കയറി കതകുമടച്ചു്, ചിലപ്പോൾ ഒരു ദിവസം മുഴുവൻ ഇരുന്നു ജപിക്കുമായിരുന്നു. അങ്ങിനെയുള്ള ദിവസങ്ങളിൽ ഞങ്ങൾ കൽക്കട്ടയിൽനിന്നു മടങ്ങി വരികയാണെങ്കിൽ ഞങ്ങൾക്ക് അടുത്ത ഒരു വീട്ടിൽ താമസിക്കയും അമ്മയെ അടുത്ത ദിവസം ചെന്നു കാണുകയും ചെയ്യേണ്ടിവന്നു. നിയന്ത്രണത്തിൽ അവർക്കു വളരെ നിഷ്കർഷയുണ്ടായിരുന്നു. ഞങ്ങളുടെ പഠിപ്പിനു ഹാനി നേരിടുമെന്നു ഭയന്ന് ഞങ്ങളെ ഒരിക്കലും അവരോടൊരുമിച്ചു ഗ്രാമത്തിലുള്ള ഭവനത്തിൽ താമസിക്കാൻ അവർ അനുവദിച്ചിരുന്നില്ല. പുത്രഭാര്യമാരോടോ വേലക്കാരോടൊ ഒരിക്കലും അവർ കോപിക്കയും ചെയ്യിരുന്നില്ല. ചെറുപ്പത്തിൽ ഞാൻ വലിയ "കുണ്ടാമണ്ടിക്കാര"നായിരുന്നു. അതുകൊണ്ടു് ഇപ്പോഴും എൻെറ തലയ്ക്കു് ചില പാടുകളുണ്ടു്. 'തലയ്ക്കു പാടില്ലാത്ത കുട്ടി ആൺ കുട്ടിയല്ല'. എന്നു സ്വാമിജി പറഞ്ഞിട്ടുണ്ടു്."

* ഈ യാത്ര കഴിഞ്ഞു് ബെലൂർ മഠത്തിൽ മടങ്ങിവന്നതിൽ പിന്നീടു് അധികകാലം സ്വാമികൾ ആരോഗിയായിരുന്നില്ല.

# ഭക്തിരഹസ്യം.

## അദ്ധ്യായം ൧.

### ഭക്തിസാധന.

(തുടൎച്ച)

ആഹാരത്തെപ്പററി പൎയ്യാലോചിക്കാനുള്ള അടുത്ത സംഗതി പാശ്ചാത്യരുടെ മനസ്സിനെ കുറേക്കൂടി കുഴക്കുന്നതാണ്. ആരിൽനിന്നുമാണ് ആഹാരം ലഭിച്ചതു് എന്നു നോക്കുക—ഇതിനു 'ആശ്രയദോഷം' എന്നു പറയുന്നു. ഭാരതീയരുടെ ദുൎവ്വിജ്ഞേയമായ ഒരു അഭിപ്രായമാണ് ഇതു്. അതിൻെറ ആശയം, ഓരോ മനുഷ്യനേയും ചുററി ഒരു സൂക്ഷ്മമായ പ്രഭ സ്ഥിതിചെയ്യുന്നുണ്ടെന്നും, സ്പൎശിക്കുന്ന പദാൎത്ഥങ്ങളിലെല്ലാം അയാളുടെ സ്വഭാവത്തിൻെറ അംശവും അയാളുടെ പ്രഭാവവും ആവേശിക്കുന്നുവെന്നുമാകുന്നു. പ്രകൃതിയിലുള്ള മററു ശക്തികളെപ്പോലെയൊന്നാണ് ഒരാളുടെ സ്വഭാവശക്തിയുമെന്നു വിചാരിച്ചുപോരുന്നു. ആ ശക്തി അയാളിൽ നിന്നും നിൎഗ്ഗമിച്ചു് അയാൾ തൊടുന്ന വസ്തുക്കളിലുംവന്നു തട്ടുന്നു. അതിനാൽ നമ്മുടെ ആഹാരം പചിക്കപ്പെടുമ്പോൾ ആർ അതിനെ തൊടുന്നുവെന്നു സൂക്ഷിക്കണം. ദുഃസ്വഭാവിയോ ചരിത്രഹീനനോ ആയ ഒരാൾ ഒരിക്കലും തൊടരുതു്. ദുഃസ്വഭാവികളുടെ ദോഷം ആഹാരംവഴിയായി പകരുമെന്നുള്ളതുകൊണ്ടു് ഭക്തി ആഗ്രഹിക്കുന്നവർ ദുഷ്ടന്മാരാണെന്നറിയാവുന്നവരുമായി ഒരുമിച്ചു് ആഹാരം കഴിക്കുകയേ അരുതു്.

"നിമിത്തദോഷം" ആഹാരത്തിൽ അഴുക്കും പൊടിയും വീഴരുതു്. ബസാറിൽനിന്നും കൊണ്ടുവന്നതു പാടെ കഴുകാതെ പദാൎത്ഥങ്ങളെ ഉപയോഗിക്കരുതു്. ഉമിനീർപോലെയുള്ള നീരിൻെറയുംകാൎയ്യം ശ്രദ്ധിക്കണം. എങ്ങിനെ എന്നാൽ, വിരൽകൊണ്ടു് ഒരിക്കലും ചുണ്ടിൽ സ്പൎശിക്കരുതു്. ശ്ലേഷ്മം ആവരണംചെയ്യുന്ന ചൎമ്മം ശരീരത്തിലെ ഏററവും മൃദുവായ ഭാഗമാണ്. ഉമിനീർവഴിയായി വാസനകളെല്ലാം അതിവേഗത്തിൽ സംക്രമിപ്പിക്കപ്പെടുന്നു. അതുകൊണ്ടു് ഉമിനീർ പററുന്നതു് ദൂഷ്യമെന്നല്ല അപകടവുമാണ്. മററാരെങ്കിലും പകുതി തിന്നു ശേഷിച്ചതും നാം ഭക്ഷിക്കരുതു്. ഇവയെല്ലാം സൂക്ഷിച്ചു രക്ഷിച്ചാൽ ആഹാരശുദ്ധിയായി. ആഹാരശുദ്ധിയിൽനിന്നും സത്വശുദ്ധിയും സത്വശുദ്ധിയുടെ ഫലമായി ധ്രുവയായ ഈശ്വരസ്മൃതിയുമുളവാകുന്നു.

ഭാഷ്യകാരനായ ശ്രീമൽ ശങ്കരാചാൎയ്യർ ഏതുപ്രകാരം ഇതിനെ വ്യാഖ്യാനിക്കുന്നുവെന്നു പറയാം. ആഹാരശുദ്ധികൊണ്ടു് സത്വശുദ്ധിയും

സത്വശുദ്ധികൊണ്ടു് ധാരാരൂപമായ ഈശ്വരസ്മൃതിയുമുണ്ടാകുന്നുവെന്ന് അദ്ദേഹവും പറയുന്നു. പക്ഷേ അല്പം വ്യത്യസ്തസ്ഥിതിയിലാണ് അദ്ദേഹം വീക്ഷിക്കുന്നതു്. ആഹരിക്കുക, ഉൾക്കൊള്ളുക എന്നൎത്ഥമായ ധാതുവിൽ നിന്നുമാണ് "ആഹാരഃ" എന്ന സംസ്കൃതപദത്തിൻെറ വ്യുൽപത്തി. ആഹാരശുദ്ധികൊണ്ടു സത്വശുദ്ധിയുണ്ടാകുന്നുവെന്നു പറയുന്നതിൻെറ ശരിയായ താല്പൎയ്യം,ഇന്ദ്രിയങ്ങൾക്കു് അധീനന്മാരാകാതിരിക്കാൻവേണ്ടി താഴെ പറയുന്ന സംഗതികളെ വെടിയണമെന്നെയുള്ളു. (൧) 'ആസക്തി' ഈശ്വരനൊഴികെ മറെറാരു വസ്തുവിലും നാം ഘോരമായ ആസക്തി കാണിക്കരുതു്. അസക്തനായിട്ടു സൎവ്വത്തെയും ദൎശിക്കുക; സൎവ്വ പ്രവൃത്തികളും ചെയ്യുക കടുത്ത ആസക്തി വരുന്നതോടെ ആത്മനാശവും ഉപസ്ഥിതമായി. തനിക്കുതാൻ പ്രഭുവല്ല, വെറും ദാസനായിത്തീരുന്നു. പുരുഷനിലുള്ള അത്യാസക്തികൊണ്ടു സ്ത്രീ അവന്നു ദാസിയാകുന്നു. ദാസ്യജീവിതം നിഷ്ഫലമാണ്. ഇതിലും ഉപരിയായി മനുഷ്യനു ലോകത്തിൽ എന്തെല്ലാമുണ്ടു്. എല്ലാവരെയും സ്നേഹിക്കുക, സൎവ്വൎക്കും നന്മചെയ്യുക പക്ഷേ ദാസനായിപ്പോകരുതു്. ആദ്യമായി ആസക്തി ഓരോ വ്യക്തിയേയും നീചത്വത്തിൽ താഴ്ത്തുന്നു, പിന്നെ സ്വാൎത്ഥതല്പരനമാക്കുന്നു സ്വഭാവത്തിലുള്ള നമ്മളുടെ ഈ പോരായ്മകൊണ്ടു് നമ്മുടെ പ്രീതിക്കു പാത്രമായിട്ടുള്ളവൎക്കു നന്മചെയ്യുന്നതിനുവേണ്ടി നാം അന്യരെ പീഡിപ്പിക്കണം. ലോകത്തിലുള്ള ദുഷ്പ്രവൎത്തികളിൽ ഏറിയക്രൂരം, സൂക്ഷ്മമാലോചിച്ചാൽ, ഏതെങ്കിലുമാളിനോടുള്ള പററുകൊണ്ടാണ് ചെയ്തുപോകുന്നതു്. സൽപ്രവൎത്തികളിലൊഴികേയുള്ള മറെറല്ലാ ആസക്തികളും തള്ളിക്കളയണം എന്നാൽ സ്നേഹത്തിന് എല്ലാവരും പാത്രമാകട്ടെ.

(൨) 'ഈൎഷ്യാ' ഇന്ദ്രിയഭോഗ്യങ്ങളിൽ ഈൎഷ്യ പാടില്ല. അതു എല്ലാ ദോഷങ്ങളുടേയും മൂലമാണ്; ജയിക്കാനും പ്രയാസം. (൩) മോഹം; മിക്കപ്പോഴും ഒരു വസ്തുവിനെ മറെറാന്നായി തെററിദ്ധരിച്ചു പ്രവൎത്തിക്കുന്നതിൻെറ ഫലമായി നാം തന്നത്താനെ ദുഃഖം വലിച്ചുവെയ്ക്കുന്നു. തിന്മയെ നന്മയായി കരുതുന്നു. ക്ഷണനേരത്തേയ്ക്കു് സ്നായുക്കളെ ഉത്തേജിപ്പിക്കുന്ന വസ്തുവിനെ സൎവ്വോത്തമമെന്നു കരുതി തൽക്ഷണം അതിൽ പ്രവേശിക്കുന്നു. കുറെ അധികം കഴിഞ്ഞു്—പിന്നീടു് എന്തു പ്രയോജനം—അവയുടെ ഉഗ്രമായ ആഘാതം നാം ഏററുകഴിഞ്ഞതായി മനസ്സിലാക്കും. ഓരോ ദിവസവും ഈ തെററു നമുക്കു പററുന്നുണ്ടെങ്കിലും ജീവിതാവധി തുടൎന്നുകൊണ്ടുതന്നെയിരിക്കുന്നു. ഈൎഷ്യാ, മോഹം, എന്നിവയോടുകൂടാതെയും ഇന്ദ്രിയങ്ങളിൽ അത്യാസക്തന്മാരാകാതെയും ലോകത്തിൽ വ്യവഹരിക്കുമ്പോൾ, ഉൾക്കൊള്ളുന്ന (ആഹരിക്കുന്ന) അനുഭവങ്ങളാണ് ശുദ്ധാഹാരം, എന്നു ശ്രീ ശങ്കരാചാൎയ്യരുടെ മതം. ശുദ്ധാഹാരം ഉള്ളിലേയ്ക്കു് സ്വീക

രിക്കുമ്പോൾ ഗ്രഹിക്കുന്ന വസ്തുക്കളെപ്പററി അനാസക്തമായും ഈർഷ്യയും മോഹവും വിട്ടും ചിന്തിക്കുന്നതിനു കഴിവുള്ളതായിത്തീരുന്നു. അപ്രകാരം വിശുദ്ധമായ മനസ്സിൽ ധാരാവാഹിയായ ഈശ്വരസ്മരണയുണ്ടാകുന്നു.

ശങ്കരാചാര്യരുടെ വ്യാഖ്യാനമാണ് മെച്ചമെന്നു പലർക്കും സ്വതേ തോന്നിയേക്കാമെങ്കിലും രാമാനുജൻെറ വിവരണവും അവഗണിക്കാൻ പാടില്ലെന്നു ഞാൻ വിശേഷിച്ചും പറഞ്ഞുകൊള്ളുന്നു. സ്ഥൂലമായ ആഹാരപദാർത്ഥങ്ങളെപ്പററി വേണ്ടവണ്ണം ശ്രദ്ധയോടെ സൂക്ഷിച്ചെങ്കിൽ മാത്രമെ മററു വേണ്ട സംഗതികളും വന്നുചേരുകയുള്ളൂ. മനസ്സാണ് യജമാനൻ എന്ന സംഗതി വളരെ വാസ്തവം; എന്നാൽ നമ്മളിൽ വളരെ ചുരുക്കം പേർ മാത്രമാണ് ഇന്ദ്രിയങ്ങൾക്കു ഭൃത്യന്മാരല്ലാത്തതു്. നാം എല്ലാം ജഡത്തിനധീനരാണ്. ഇപ്രകാരം അധീനരായിരിക്കുന്നിടത്തോളം ജഡപദാർത്ഥങ്ങളുടെ സഹായവും സ്വീകരിക്കണം. നമ്മുടെ സ്വാധീനശക്തി വർദ്ധിക്കുമ്പോൾ ഇഷ്ടമുള്ള ഭക്ഷ്യപേയങ്ങൾ സ്വീകരിക്കാം. ഭക്ഷണത്തെസംബന്ധിച്ച കാര്യത്തിൽ സൂക്ഷ്മമുണ്ടായിരിക്കാൻ നാം രാമാനുജനെ അനുസരിക്കണം. മാനസികാഹാരത്തെപ്പററിയും ശ്രദ്ധിക്കണം. ഭക്ഷണത്തെപ്പററി സൂക്ഷിക്കാൻ എളുപ്പമാണ്. അതേസമയം മനസ്സിനെസംബന്ധിച്ചകാര്യവും മുൻപോട്ടു പോകണം. അപ്പോൾ നമ്മുടെ ആദ്ധ്യാത്മഭാവം ക്രമേണ ശക്തമായിത്തീരുകയും ഭൌതികശരീരമാണ് ആത്മാവു് എന്ന ബുദ്ധി കുറഞ്ഞുവരുകയും ചെയ്യുന്നു. പിന്നീട് ആഹാരംകൊണ്ടു് ഉപദ്രവം വരികയില്ല. എല്ലാവക്കും ഒരൊററച്ചാട്ടത്തിനു അങ്ങേ അററത്തെ ആദർശത്തെ പ്രാപിക്കണം; ഇതാണ് വലിയ അപകടം. അതിനുള്ള വഴി ചാട്ടമല്ല. ചാടിയാൽ താഴെ വീഴുമെന്നേയുള്ളൂ. നമ്മെ ഇവിടെ ബന്ധിച്ചിരിക്കയാണ്. ബന്ധങ്ങളെ ക്രമേണ പൊട്ടിക്കണം. ഇതിൻെറ പേരാണ് (൩.) വിവേകം. പിന്നീട് വിമോകം (൪) ഈശ്വരപ്രേമം വേണ്ടവൻ അത്യാസക്തി വെടിയണം; ഭഗവാനെ വിട്ടു മററൊന്നും വാഞ്ഛിക്കരുതു്. പാരത്രികമായ ഉന്നതിക്കു ഒരുവനെ സഹായിക്കുന്നിടത്തോളവും ഈ ജഗത്തു നല്ലതുതന്നെ. അതീന്ദ്രിയങ്ങളായ പദാർത്ഥങ്ങളെ ഗ്രഹിക്കാൻ സഹായിക്കുന്നിടത്തോളം ഇന്ദ്രിയഗ്രാഹ്യങ്ങളായ വസ്തുക്കളും നല്ലതുതന്നെ. ഈ ലോകം പ്രാപ്യമായ ഒരു വസ്തുവിലേയ്ക്കുള്ള സാധനം മാത്രമാണെന്നും സ്വയം അതു പ്രാപ്യവസ്തുവല്ലെന്നുമുള്ള വസ്തുത നാം സദാ മറന്നുപോകുന്നു. പ്രാപ്യവസ്തുവായിരുന്നുവെങ്കിൽ പഞ്ചഭൂതാത്മകമായ നമ്മുടെ ശരീരം ഇവിടെതന്നെ അനശ്വരമായിരിക്കും; ഒരിക്കലും നാം മരിക്കയുമില്ല. എന്നാൽ നമുക്കു ചുററും പ്രതിനിമിഷം ജനങ്ങൾ മൃത്യുഗ്രസ്തരാകുന്നതു നാം കാണുന്നു; പക്ഷെ മൌഢ്യംകൊണ്ടു് നാം ഒരിക്കലും മരിക്കയില്ലെന്നു വിചാരിക്കുകയും ചെയ്യുന്നു. ഈ ധാരണയെ അസ്തമാക്കിക്കൊണ്ടു് ഈ ജീവിതംതന്നെ അതിൻെറ ലക്ഷ്യമാണെന്നു നാം

കരുതാനിടയാകുന്നു. നമ്മളിൽ ൯൯ ശതമാനം ആളുകളുടേയും കഥ ഇതു തന്നെ. ഈ വിചാരം ചട്ടെന്നു കളയണം. നമുക്കു പൂർണ്ണത്വം സമ്പാദിപ്പാൻ എത്രമാത്രം ഉപായമായിത്തീരുന്നുവോ അത്രമാത്രം ഈ ലോകം നല്ലതുതന്നെ. അതില്ലാതാകുമ്പോൾ ലോകം നിഷ്ഫലം. ഭാര്യ, ഭർത്താവു്, പുത്രൻ, ധനം, വിദ്യ എന്നിവയും നമ്മുടെ പുരോഗതിക്കു സഹായിക്കുന്നിടത്തോളം നല്ലതു്; അപ്രകാരം സഹായിക്കാതിരിക്കുമ്പോൾ അവയും തിന്മതന്നെ. ഭാര്യ ഈശ്വരപ്രാപ്തിക്കു സഹായിക്കുന്നുവെങ്കിൽ അവൾ സതി. ഭർത്താവും അപത്യവും അപ്രകാരംതന്നെ. അന്യനു നന്മചെയ്യാനുതകുമെങ്കിൽ അർത്ഥത്തിനു അല്പം വിലയുണ്ടു്. ഇല്ലെങ്കിൽ അനർത്ഥസമുച്ചയം മാത്രം; എത്രവേഗം കൈ വിടുന്നുവോ അത്രയും നല്ലതു്.

(൫) <u>അഭ്യാസം</u> മനസ്സു സദാ ഈശ്വരാഭിമുഖമായി പോകണം. മറെറാരു വസ്തുവിനും അതിനെ നിരോധിക്കാൻ അവകാശമില്ല. മനസ്സിൽ നിരന്തരമായ ഈശ്വരവിചാരമുണ്ടായിരിക്കണം; ഇതു വളരെ പ്രയാസമാണു്; എങ്കിലും, വിടാതെ പരിശ്രമിച്ചാൽ സാധിക്കും. പൂർവ്വകർമ്മങ്ങളുടെ ഫലമാണു് നമ്മളുടെ ഇപ്പോഴത്തെ അവസ്ഥ. കർമ്മങ്ങൾതന്നെയാണു് നമ്മളുടെ ഭാവിയേയും നിശ്ചയിക്കുന്നതു്. ഒരുവിധമുള്ള കർമ്മങ്ങളുടെ ഫലമായി ഈ അവസ്ഥ വന്നുചേർന്നു; അതിനു പ്രതീപമായി പ്രവർത്തിക്കുക; കഴിയുന്നത്ര വേഗം അതിൽനിന്നു മോക്ഷവും പ്രാപിക്കുക. ഇന്ദ്രിയവിഷയങ്ങളെ ധ്യാനിക്കുകകൊണ്ടു് നാം ഇവിടെ അധഃപതിച്ചു. ഒരു നിമിഷം വിലാപം; അടുത്ത ക്ഷണത്തിൽ ആഹ്ലാദം; എല്ലാ വസ്തുക്കളുടെയും ദാസൻ; കാററടിക്കുമ്പോഴൊക്കെ തുള്ളുന്നു; ഇതാണു് ഈ ലോകം. അഹോ! ലജ്ജാവഹം സ്വയം ആത്മാവാണെന്നു നാം പറയുന്നുമുണ്ടു്. മറുവഴി പോകുവിൻ! ഭഗവാനെതന്നെ ധ്യാനിക്കുവിൻ! ഭൌതികവും മാനസികവുമായ ഭോഗ്യങ്ങളെപ്പററിയുള്ള ചിന്തയെ തീരെ ത്യജിച്ചു് ഭഗവദ്ധ്യാനത്തിൽ മാത്രം മനസ്സു് തൽപരമാകട്ടെ. മനസ്സു് അന്യസക്തമാകുമ്പോൾ ശിക്ഷിച്ചു് ഈശ്വരാഭിമുഖമാക്കിയയക്കുക. ഒരു പാത്രത്തിൽ നിന്നും മറെറാരു പാത്രത്തിലേയ്ക്കു് ഒഴിക്കുന്ന എണ്ണ ധാരാവാഹിയായി ഒഴുകുന്നതുപോലെയും ദൂരത്തിൽനിന്നും കേൾക്കുന്ന ഘണ്ടാനാദം നിരന്തരധ്വനിയോടെ കർണ്ണപുടത്തിൽ എത്തിച്ചേരുന്നതുപോലെയും മനസ്സു് സദാ ഭഗവാനിലേയ്ക്കു ഏകധാരയായി പ്രവഹിച്ചുകൊണ്ടിരിക്കണം. ഇപ്രകാരമുള്ള അഭ്യാസം മനസ്സിൻെറ ചുമതലയായി പിടിച്ചേൾപിച്ചാൽ മാത്രം പോരാ; ഇന്ദ്രിയങ്ങളെയും അതിൽതന്നെ നിയോഗിക്കണം. ഖലപ്രലാപങ്ങളല്ല ഭഗവൽകഥകളാണു് നാം ശ്രവിക്കേണ്ടതു്. നിരർത്ഥകമായൊരോന്നു ജല്പിക്കാതെ ഭഗവൽകഥകൾ കീർത്തിച്ചുകൊണ്ടിരിക്കുക. നിഷ്പ്രയോജനമായ ഗ്രന്ഥങ്ങൾ പരിശീലിക്കുന്നതിനുപകരം ഭഗവൽപരങ്ങളായ ഗ്രന്ഥങ്ങളെ പാരായണംചെയ്യുക!

# ശ്രീരാമകൃഷ്ണദേവനും വിവേകാനന്ദസ്വാമിയും.

(ശ്രീ ഗിരീശചന്ദ്രഘോഷ്)

ശ്രീരാമകൃഷ്ണദേവനും വിവേകാനന്ദസ്വാമിയും ആയുള്ള ഗുരുശിഷ്യബന്ധത്തെപ്പററി മനസ്സിലാക്കണമെങ്കിൽ ശ്രീരാമകൃഷ്ണ പരമഹംസദേവന്റെ ജീവിതോദ്ദേശം എന്തായിരുന്നുവെന്നറിയാൻ ശ്രമിക്കയത്രേ ആവശ്യം. ഈ ഉദ്ദേശത്തെപ്പററി ശ്രീ വിവേകാനന്ദസ്വാമികൾ തന്റെ My Master (എന്റെ ഗുരുദേവൻ) എന്ന പ്രസംഗത്തിൽ വിവരിച്ചിട്ടുണ്ടു്. എന്റെ ഈ പ്രസംഗം അതിന്റെ ഒരു ഛായ മാത്രമാകുന്നു. ആ ജീവപൂർണ്ണമായ ഭാഷയും ഉജ്ജ്വലത്തായ ഗുരുഭക്തിയും ഹൃദയനൈർമ്മല്യവും ഈ പ്രസംഗത്തിൽ കാണുകയില്ലെന്നു തീർച്ചതന്നെ. പരമഹംസദേവന്റെ പാദസ്പർശം ചെയ്തു് അവിടത്തെ നാവിൽനിന്നുതന്നെ അദ്ദേഹത്തിന്റെ ഈശ്വരപ്രേമത്തെപ്പററി കേട്ടറിവാൻ ഭാഗ്യമുണ്ടായിട്ടുള്ളവരിൽ ചിലക്ക്, വിവേകാനന്ദസ്വാമിയുടെ My master എന്ന പ്രസംഗം കൊണ്ടാണ് മുൻപു ഭഗവാൻ പറഞ്ഞപ്പോൾ മനസ്സിലാകാതെ അസ്പഷ്ടമായിരുന്നതു് സുസ്പഷ്ടവും അത്യുജ്ജ്വലവുമായവിധം മനസ്സിലായിട്ടുള്ളതു്. പരമഹംസദേവൻ തന്റെ ജീവിതോദ്ദേശത്തെ—ഏതൊരു കാൎയ്യത്തിനായി താൻ അവതരിച്ചു എന്നതിനെ—ബാല്യംതൊട്ടുതന്നെ അറിഞ്ഞിരുന്നതായിക്കാണുന്നു. അദ്ദേഹം താൻ ആരെന്നും സമ്പൂർണ്ണമായറിഞ്ഞിരുന്നു. അറിഞ്ഞതു് മിഥ്യയോ തഥ്യമോ എന്നു പരീക്ഷിച്ചറിവാൻ അവിടുന്നു തന്റെ ജീവിതത്തെ സമർപ്പിച്ചു. ജഡവിജ്ഞാനി (Scientist) പ്രത്യക്ഷവാദിയാണല്ലോ; പരീക്ഷിക്കാതെ സ്വീകരിക്കയില്ല. അതുപോലെതന്നെ, അന്തർവിജ്ഞാനത്തെപ്പററി പരമഹംസദേവനും പ്രത്യക്ഷവാദിയായിരുന്നു; പരീക്ഷിച്ചു സാക്ഷാൽക്കരിക്കാത്തതു്, പുസ്തകത്തിലോ ജനശ്രുതിയിലോ വർണ്ണിച്ചിട്ടുള്ളതാണെങ്കിലും അദ്ദേഹം വിശ്വസിച്ചിരുന്നില്ല. തന്നെത്താൻ പരീക്ഷിച്ചുനോക്കിയറിയണമെന്നതായിരുന്നു അദ്ദേഹത്തിന്റെ വ്രതം. കഠോരതരമായ സാധനകളാൽ അദ്ദേഹം തന്റെ ഉദ്ദേശം സാധിച്ചു; സാധനയിലേപ്പെട്ടു് നാൾക്കുനാൾ അദ്ദേഹത്തിന്റെ ദൃഷ്ടി വികസിച്ചുതുടങ്ങി. ജഡവിജ്ഞാനത്തിൽ സകലതും ജഡസംബന്ധമായി കാണുന്നു; അതിൽ അന്തർനിഹിതമായ ഒരു അനശ്വരസംബന്ധമുണ്ടെന്നും, ഒരു ചരടിൽ കോർത്ത ഒരു അപരിവർത്തനശീലമായ നിയമത്തിനു് അതധീനമെന്നും സകലവും ഒന്നെന്നും, ഒന്നിന്റെ വികാസംതന്നെയാണു് ഈ വിവിധത്വമൊക്കെയെന്നും അദ്ദേഹം കണ്ടു. ഈശ്വരൻ എന്നതു് വെറും ഒരു വാക്കല്ല, സത്യമാണു്, പ്രത്യക്ഷത്തിനു വിഷയമാണു്, അദ്ദേഹവുമായി പരിചയപ്പെടാം, സംഭാഷണം ചെയ്യാം, അദ്ദേഹത്തെ ശരണംപ്രാപിച്ചാൽ

അദ്ദേഹം ഗുരുവായിവന്നു ഉപദേശിക്കും, ആ ഉപദേശത്താൽ ജീവിതോദ്ദേശം മനസ്സിലാകും, ജീവിതം നിരർത്ഥകമല്ലെന്ന് അറിയാറാകും, ജഡാനന്ദം തുച്ഛമെന്നു തോന്നും, പരമാനന്ദം ലഭിക്കും,—ഇവയെല്ലാം പരമഹംസദേവൻ ഉൽക്കടസാധനകളാൽ പ്രത്യക്ഷീകരിച്ചു. നാം ഇതാ മുഖത്തോടുമുഖം വർത്തമാനംപറയുന്നമാതിരി, അദ്ദേഹം ജഗദംബയോടുകൂടി സംഭാഷണംചെയ്തിരുന്നു. ബാല്യത്തിൽത്തന്നെ, താൻ മനസ്സിലാക്കിയിരുന്ന ജീവിതോദ്ദേശം, വെറും സങ്കല്പനയല്ലെന്ന് ജഗദംബയുടെ വാക്കിൽനിന്നും അറിഞ്ഞു. ലോകഹിതത്തിനായിട്ടാണ് താൻ ആവിർഭവിച്ചതെന്നു മനസ്സിലാക്കിയിട്ട് ആ മഹാകാര്യത്തിനായി ആരംഭിച്ചു.

ഒരു ദിവസം ഒരു ബാലശിഷ്യൻ വന്ന് അദ്ദേഹത്തിന്റെ പാദത്തിൽ പ്രണമിച്ചു. ശിഷ്യന്റെ കാതരമായ പ്രഥമപ്രശ്നം—"അവിടുന്നു ഈശ്വരനുണ്ടെന്നു വിശ്വസിക്കുന്നുവോ?" ഗുരു പറഞ്ഞു—"വിശ്വസിക്കുന്നു." ശിഷ്യൻ ചോദിച്ചു:—"തെളിവുതരാമോ?" വീണ്ടും മറുപടി—"തരാം". ചോദ്യം—"എങ്ങനെ?" ഗുരു—"നിന്നെ എപ്രകാരം കാണുന്നുവോ അതിനെക്കാൾ ഘനിഷ്ഠഭാവത്തിൽ അദ്ദേഹത്തെ ഞാൻ കാണുന്നു. നിനക്കും കാണാൻ ആഗ്രഹമുണ്ടെങ്കിൽ കാണാൻ സാധിക്കും." ആ ശിഷ്യൻ നമ്മുടെ വിവേകാനന്ദനാണ്. അദ്ദേഹത്തെ അന്നു നരേന്ദ്രൻ എന്നു വിളിച്ചുവന്നു.

ഗുരുസംസർഗ്ഗത്താൽ നരേന്ദ്രൻ നാൾക്കുനാൾ ഇപ്രകാരം കണ്ടുതുടങ്ങി:—(ഞാൻ നരേന്ദ്രന്റെ ഭാഷയെ തർജ്ജമചെയ്തു പറയുന്നു) മതം കല്പിതമല്ല. ജഡവസ്തുവിനെക്കാളും അധികതരം പ്രത്യക്ഷീകരിക്കാവുന്നത്, കൊടുക്കൽവാങ്ങൽ നടത്താവുന്നത്; മഹാപുരുഷന്മാരുടെ ദൃഷ്ടികൊണ്ടോ സ്പർശംകൊണ്ടോ ജീവിതത്തിനു മാററം സംഭവിക്കും—എന്നും മററും. ബുദ്ധൻ, ക്രിസ്തു മുതലായവരുടെ ജീവിതം വായിച്ചപ്പോൾ ആ മഹാപുരുഷന്മാരുടെ വാക്കുകൊണ്ടു മനുഷ്യൻ പൂർണ്ണത്വത്തെ പ്രാപിച്ചിരുന്നതായി ശിഷ്യൻ അറിഞ്ഞിരുന്നതു ഇപ്പോൾ പ്രത്യക്ഷത്തിൽത്തന്നെ കണ്ടു. മതം ജഡവസ്തുവിനെപ്പോലെതന്നെ കൈമാററംചെയ്യത്തക്ക ഒന്നാണെന്നു ഗുരു പറഞ്ഞിരുന്നു; അതു ശിഷ്യൻ പ്രത്യക്ഷമായി. ഗുരുവിന്റെ കൃപയാൽ ശിഷ്യന്റെ ധർമ്മപിപാസ നാൾക്കുനാൾ ശമിക്കുവാൻ തുടങ്ങി. അദ്ദേഹം പൂർണ്ണത്വലാഭത്തിനായി ഗുരുവിനോടു പറഞ്ഞു—"ദേഹം ധരിക്കുന്നേടത്തോളംകാലം പൂർണ്ണത്വം പ്രാപിച്ചു സമാധിസ്ഥനായി ജീവിതം നയിക്കാൻ അവിടുന്നു അനുഗ്രഹിക്കണം" എന്ന്. ഗുരു മറുപടിപറഞ്ഞു:—"നിനക്കുവേണ്ടിത്തന്നെയല്ല നിന്റെ ജീവിതം. നിന്റെ ജീവിതത്തിൽ മഹത്തായ ഉദ്ദേശമൊന്നുണ്ട്. നീയെന്റെ സഹകാരിയാണ്. ലോകഹിതസാധനമാണ് നിന്റെ പ്രവൃത്തി. നീ നിന്റെയല്ല, ലോകത്തിന്റെയാണ്. പൂർണ്ണനാകാൻ എന്തിനു പ്രാർത്ഥിക്കുന്നു? നീ പൂർണ്ണൻ

തന്നെയാണ്". കാശിപുരോദ്യാനത്തിൽവെച്ചു നരേന്ദ്രന്നു നിർവികല്പ സമാധിയുണ്ടായതു പരമഹംസദേവൻെറ ശിഷ്യന്മാരിൽ മിക്കവൎക്കും അറിയാമല്ലോ.

ഈ വിധം ഗുരുവിൽനിന്നും മഹാകാൎയ്യഭാരം ഏറെറടുത്തു്, അതിനെ എപ്രകാരമാണ് നിറവേററണ്ടതെന്ന് അദ്ദേഹം ചിന്താകുലനായി. ഈ മഹാഭാരം വഹിക്കുന്നതിൽ തനിക്കു് എത്രമാത്രം സാമത്ഥ്യമുണ്ടെന്നുള്ളതു് അദ്ദേഹത്തിന്നു അപ്പോൾ അശേഷം അറിവുണ്ടായിരുന്നില്ല. എന്നാൽ സമ്മതത്തോടായാലും സമ്മതമില്ലാതായാലും ആ ഗൌരവമേറിയ ഭാരത്തെ അദ്ദേഹം എടുക്കേണ്ടിവന്നു. ഗുരുദേവൻ ലീലാസംവരണംചെയ്തു. ലീലാസംവരണത്തിൻമുൻപു് ഏതാനും ശിഷ്യന്മാരുടെ ഭാരം അദ്ദേഹത്തിൽ ചുമത്തിയിട്ടു് ഗുരുദേവൻ അന്തൎദ്ധാനംചെയ്തു. പ്രായപൂത്തിവന്നിട്ടില്ലാത്ത സന്താനങ്ങളെ ഒരു പിതാവു് മൂത്ത പുത്രനെ ചുമതലപ്പെടുത്തുന്നതുപോലെ, നരേന്ദ്രൻെറ അധ്യാത്മപിതാവു് തൻെറ ഇതരസന്താനങ്ങളുടെ ഭാരം അദ്ദേഹത്തിൽ വെച്ചിട്ടാണ് അന്തർഹിതനായതു്. നരേന്ദ്രൻ ഈ ചുമതല വഹിപ്പാൻ എത്രമാത്രം പൎയ്യാപ്തമായ പാത്രമായിരുന്നുവെന്നു് സംക്ഷേപമായി പൎയ്യാലോചിക്കാം. ഗുരു ബാല്യംമുതൽക്കേ കാമിനികാഞ്ചനങ്ങളെ ത്യജിച്ചിരുന്നതുപോലെ, നരേന്ദ്രനും കാമിനീകാഞ്ചനത്യാഗിയായിരുന്നുവെന്നു് അദ്ദേഹത്തിൻെറ ബാലലീലകളെപ്പററി ആലോചിക്കുമ്പോൾ കാണുന്നുണ്ട്. ബാല്യത്തിൽ നരേന്ദ്രൻ ശ്രീരാമവിഗ്രഹം (പാവ) വെച്ചു കളിക്കാറുണ്ടായിരുന്നു. എന്നാൽ ശ്രീരാമൻ വിവാഹംകഴിച്ചിരുന്നുവെന്നു എപ്പോൾ അറിഞ്ഞുവോ അപ്പോൾത്തന്നെ ബാലൻ ആ പാവയെ ദൂരെയെറിഞ്ഞിട്ടു് ശ്രീ പരമേശ്വരവിഗ്രഹം വെച്ചു ക്രീഡോപാസനചെയ്യാൻ ആരംഭിച്ചു. അദ്ദേഹത്തിൻെറ പിതാമഹൻ സന്യാസം സ്വീകരിച്ചിരുന്നതുകൊണ്ടു്, അതിനെ അനുകരിച്ചു് നരേന്ദ്രനും ബാല്യത്തിൽത്തന്നെ സന്യാസം സ്വീകരിക്കണമെന്നു മോഹം ഉണ്ടായി. പഠിച്ചുകൊണ്ടിരിക്കുമ്പോൾ പിതാവു പെട്ടെന്നു മരിക്കുകയാൽ അദ്ദേഹം പരമദരിദ്രനായിത്തീൎന്നു. അദ്ദേഹത്തിൻെറ അച്ഛൻ ഹൈക്കോടതി വക്കീലായിരുന്നു. പല കക്ഷികളുടേയും കേസുസംബന്ധിച്ചുള്ള അനേകം റിക്കാർഡുകൾ അച്ഛൻെറവക തൻെറ അധീനത്തിൽ വന്നുചേന്നു. ആ രേഖകൾകൊണ്ടു് ഏതാനും ആനുകൂല്യങ്ങൾ നേടാനുണ്ടായിരുന്ന ഒരു വക്കീൽ, അവ കൈവശമാക്കുവാൻ, കുറെ പണം തരാമെന്നു പറഞ്ഞു നരേന്ദ്രനെ പ്രലോഭിപ്പിച്ചു. നരേന്ദ്രൻ "മാടോട്ട" എന്ന പോലെ ആ ധനത്തെ പരിത്യജിക്കയാണുണ്ടായതു്. നരേന്ദ്രൻെറ ദയയും അപരിമിതമായിരുന്നു. പിതൃവിയോഗാനന്തരം, അദ്ദേഹത്തിനു മിക്കവാറും ഒരു നേരമേ ആഹാരം ഉണ്ടായിരുന്നുള്ളു. മിക്ക ദിവസവും അദ്ദേഹം, അമ്മയോടു്, ഇന്നേടത്തു സ്ത്രീക്കിന്നൊരു വിരുന്നുണ്ടു് എന്നു പറഞ്ഞു അത്താഴപ്പട്ടിണികിട

ന്നിട്ടുണ്ട്. രാത്രി താൻ ഉണ്ടില്ലെങ്കിൽ രാവിലത്തേയ്ക്കു അതു മിച്ചമായിരിക്കുമല്ലോ എന്നാണ് അദ്ദേഹത്തിൻെറ ഉദ്ദേശം. ഇങ്ങനെ അനേകം നാൾ പട്ടിണികിടന്നിട്ടുണ്ട്. ഒരു ദിവസം ഈ ഉപവാസംകൊണ്ടുള്ള ക്ഷീണത്താൽ അദ്ദേഹം വഴിക്കു മൂർഛിച്ചു വീണുപോയി. ഈ വിധം അന്നനുള്ള ഉപജീവനം കഴിപ്പാൻപോലും ഞെരുക്കമായിരുന്നകാലത്തുകൂടി, അദ്ദേഹം ഒരിക്കൽ പത്തുരൂപ എട്ടാവകയിൽ കിട്ടിയതിൽ അഞ്ചുരൂപ തൻെറ ഒരു സതീർത്ഥ്യനു സംഭാവനചെയ്തു. ഇങ്ങനെ അദ്ദേഹത്തിൻെറ ദയാശീലത്തിന് അനവധി ദൃഷ്ടാന്തങ്ങൾ ഉദ്ധരിക്കാനുണ്ട്. മഹാവൈഷമ്യത്തിൽപ്പെട്ട് ഒരു ദിവസം അദ്ദേഹം ഗുരുവിനോടു പറഞ്ഞു:—"മഹാശയ! എൻെറ അമ്മയ്ക്കും സഹോദരന്മാർക്കും ആഹാരത്തിനു വല്ലതും വഴിയുണ്ടാക്കിത്തന്നാൽ കൊള്ളാം. അവിടുന്നു എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നപക്ഷം എനിക്കു ഭക്ഷണത്തിനുള്ള വക കിട്ടും". ഗുരു പറഞ്ഞു—"കാളീക്ഷേത്രത്തിൽച്ചെന്നു പ്രാർത്ഥിക്കുക! നിൻെറ അഭിലാഷം സാധിക്കും". ഗുരുവാക്യത്തിൽ ശിഷ്യനു പൂർണ്ണവിശ്വാസമുണ്ട്. ഗുരുദേവൻ സിദ്ധസങ്കല്പനാണെന്ന് ശിഷ്യൻ അനേകമവസരങ്ങളിൽ പരീക്ഷിച്ചറിഞ്ഞിരുന്നു. ആ മഹാപുരുഷൻെറ നിയോഗമനുസരിച്ച് ദാരിദ്ര്യനിവാരണാർത്ഥം ശിഷ്യൻ കാളീക്ഷേത്രത്തിലെത്തി. ക്ഷേത്രത്തിൽ നിന്നും മടങ്ങിവന്നപ്പോൾ ഗുരു ചോദിച്ചു:—"എന്താ! പ്രാർത്ഥിച്ചുവോ?" ശിഷ്യൻ മറുപടി കഥിച്ചു:—"ഉവ്വ്! വിവേകവൈരാഗ്യങ്ങൾ പ്രാർത്ഥിച്ചു. ജഗന്മാതാവിൻെറ സമക്ഷം, ചോറിനായുള്ള പ്രാർത്ഥന എൻെറ നാവിൽ മുളച്ചില്ല".

പിന്നെ ഒരു ദിവസം പരമഹംസദേവൻ നരേന്ദ്രനോടു ഏകാന്തത്തിൽപ്പറഞ്ഞു:—"നീ അഷ്ടസിദ്ധി ലഭിക്കാൻ ആഗ്രഹിക്കുന്നുവോ? എന്നാൽ നിനക്കു ഞാൻ അഷ്ടസിദ്ധി തരാം". തൻെറ ഗുരുദേവൻെറ ഇച്ഛാമാത്രത്താൽ—സ്പർശമാത്രത്താൽ ആരുടേയും അതിനികൃഷ്ടമായ നിന്ദ്യജീവിതവും മാറി അവൻ പരമപവിത്രതയെ പ്രാപിക്കുമെന്നു നരേന്ദ്രനു അറിയാം. അദ്ദേഹത്തിൻെറ ഗുരുവിനാൽ അസാദ്ധ്യമായി യാതൊന്നുമില്ല. ഗുരു തനിക്കു അഷ്ടസിദ്ധി നൽകുവാൻ ഉത്സുകനായിരിക്കുന്നെന്നുകണ്ട്, നരേന്ദ്രൻ ചോദിച്ചു—"അഷ്ടസിദ്ധിയാൽ ഈശ്വരലാഭം ഉണ്ടാകുമോ?" ഗുരു—"ഇല്ല. അഷ്ടസിദ്ധിയാൽ അമാനുഷമായ ശക്തി ലഭിക്കും. ഇച്ഛിക്കുന്നതെല്ലാം സാധിക്കും. എന്നാൽ ഈശ്വരലാഭത്തിനുള്ള വഴിയൊന്നു വേറെയാണ്." ശിഷ്യൻ കൈകൂപ്പി പ്രാർത്ഥിച്ചു:—"ഗുരോ! ഞാൻ ശക്തികളെ പ്രാർത്ഥിക്കുന്നില്ല. ഞാൻ ഈശ്വരലാഭത്തെ ആഗ്രഹിക്കുന്നു. ഈശ്വരലാഭമുണ്ടാവാൻ അവിടുന്നു എന്നെ അനുഗ്രഹിക്കുക!"

നരേന്ദ്രൻെറ ഈശ്വരപ്രേമമെന്നപോലെ, ദയാശീലവും അതിരററതായിരുന്നു. തങ്ങളുടെ ബുദ്ധിമോശംകൊണ്ട് ആരെങ്കിലും പരമഹംസദേ

വന്റെ കൃപയ്ക്കു് പാത്രവാന്മാരല്ലാതെപോയാൽ നരേന്ദ്രൻ ആ ഭാഗ്യഹീനന്മാരായ ആളുകൾക്കുവേണ്ടി അത്യന്തം വ്യാകുലനാകും. എങ്ങനെയായാൽ പരമഹംസദേവന്റെ കൃപയ്ക്കു് അവർ പാത്രമാകുമോ അതിനു തക്കവണ്ണം നരേന്ദ്രൻ അതി തീവ്രമായി ശ്രമിക്കും. പരമഹംസദേവൻ ആ മനുഷ്യനെ അനുഗ്രഹിക്കാമെന്നു സമ്മതിക്കുന്നതുവരെ ശിഷ്യൻ ഗുരുവിന്റെ ചരണങ്ങളെപ്പിടിച്ച പിടി വിടുകയില്ല. ഏതെങ്കിലും കാരണവശാൽ ഗുരു, ശിഷ്യന്മാരോട് "ഇന്നാരെ നിങ്ങൾ കാണരുതു്" എന്നാജ്ഞാപിച്ചാൽ നരേന്ദ്രൻ ആ നിഷേധത്തെ ഗൗനിക്കയില്ല. അദ്ദേഹം ആ ദുർഭാഗ്യവാനായ ആളിന്റെ അടുക്കൽച്ചെന്നു് ആ മനുഷ്യനെപ്പിടിച്ചു വലിച്ചു കൊണ്ടുവന്നു് ഗുരുവിന്റെ പദപ്രാന്തത്തിൽ സമർപ്പിക്കും. ആ ഭാഗ്യഹീനൻ, ദയാലുവായ നരേന്ദ്രന്റെ കൃപാബലത്താൽ പരമഹംസദേവന്റെ കൃപ ലഭിച്ച് മഹാഭാഗ്യവാനായിത്തീർന്നിട്ടുണ്ട്.

ലോകഹിതാർത്ഥമായുള്ള പ്രവൃത്തികൾ ചെയ്യുന്നതിനു നരേന്ദ്രൻ എത്രമാത്രം ഉപയുക്തമായ പാത്രമായിരുന്നുവെന്നു് സംക്ഷിപ്തമായി ഇവിടെ വിവരിച്ചുകഴിഞ്ഞു. ഇനി അദ്ദേഹത്തിന്റെ ഗുരുദേവന്റെ ജീവിതോദ്ദേശമെന്തെന്നും ആ ഉദ്ദേശസാദ്ധ്യത്തിന് നരേന്ദ്രൻ എല്ലാപ്രകാരം ഉപകരിച്ചുവെന്നും വിവരിക്കാം.

പരമഹംസദേവന്റെ അവതാരകാലത്തിൽ, ലോകമാകെ അതിഭയങ്കരമായ മതവിപ്ലവത്തിന്റെ മത്സരരംഗമായിരുന്നു. ജഡവാദികൾ ജഡത്തിൽനിന്നാണു് സകലതും ഉണ്ടായതെന്നും, ജഡസംയോഗത്താലാണു് ആത്മാവിന്റെ ഉൽപ്പത്തിയെന്നും ജഡമല്ലാതെ മററൊന്നും ഇല്ലെന്നും മുക്തകണ്ഠം വാദിച്ചുവന്നു. ക്രിസ്തുമതക്കാർ, ശാശ്വതമായ നരകാഗ്നിയിൽ നിന്നും കരയേററം വേണമെങ്കിൽ യേശുക്രിസ്തുവിനെ ശരണംപ്രാപിക്കുവിൻ എന്നു് നിരന്തരം ഘോഷിച്ചുകൊണ്ടിരുന്നു. എതിർ കക്ഷിയായ ബ്രഹ്മസമാജക്കാർ വേദത്തേയും ബൈബിളിനേയും കൊറാനെയും മററും മാനിക്കേണ്ടതില്ലെന്നും, അതൊന്നും അബദ്ധരഹിതമെന്നു പറയാൻ നിവൃത്തിയില്ലെന്നും, അതൊന്നും ഈശ്വരവാക്യമല്ലെന്നും, പ്രകൃതിദത്തമായി നമുക്കുള്ള സഹജജ്ഞാനത്തെ ആശ്രയിച്ച് എല്ലാ മതങ്ങളുടേയും സാരമർമ്മം ഗ്രഹിച്ച് അനുദിനം അഭ്യുന്നതി പ്രാപിക്കയാണു് വേണ്ടതെന്നും തലതല്ലി അടിച്ചിരുന്നു. ഇംഗ്ലീഷുമട്ടിൽ വിദ്യാഭ്യാസംചെയ്ത ആളുകളുടെ ഹൃദയത്തിൽനിന്നും ഹൈന്ദവദേവീ ദേവന്മാർ ഓടിയൊളിച്ചിരുന്നു. ഹിന്തുമതത്തെപ്പററി ആദരവുള്ളവരുടെ കൂട്ടത്തിൽത്തന്നെയും വലിയ വൈരങ്ങൾ ഉണ്ടായിരുന്നു. ശാക്തന്മാരും വൈഷ്ണവന്മാരും തമ്മിൽ മത്സരം നടന്നിരുന്നു. എന്നുവേണ്ട, ഒരേ മതത്തിൽപ്പെട്ടവരിലും പരസ്പരവിരോധങ്ങൾ ഉണ്ടായിരുന്നു. രക്തചന്ദനം ഇന്നവിധമേ തൊടാവൂ, തിലകം ഇന്ന വിധം

ഇട്ടുകൊള്ളണം, ഇന്നതു ഇന്നവിധം വേണം, ഇല്ലെങ്കിൽ നരകമാണു് ഫലം—എന്നിങ്ങനെ ഭയങ്കരമായ വാദപ്രതിവാദങ്ങൾ നടന്നുകൊണ്ടിരുന്നു. യഥാൎത്ഥമായ മതതൃഷ്ണയുള്ളവൎക്കു് തൃപ്തിനേടാൻ സ്ഥാനമില്ലാതെ, എല്ലാവരും മതഭേദചണ്ഡവാതക്കൊടുങ്കാററിൽപ്പെട്ടു് നട്ടംതിരിഞ്ഞു വഴിപിഴച്ചിരുന്നു. അങ്ങനെയിരിക്കുന്ന സമയത്തിൽ പരമഹംസദേവൻ, ഒരു മതവും ഒരു മതത്തിൻെറയും വിരോധിയല്ലെന്നുള്ള തത്വം പ്രചരിപ്പിച്ചു. ബാഹ്യദൃഷ്ടിയിൽ മാത്രമാണു് വിരോധം; എന്നാൽ സകല മതവും ഈശ്വരപ്രാപ്തിക്കുള്ള വിഭിന്നമാൎഗ്ഗങ്ങൾ മാത്രമത്രെ. അജ്ഞാനദൃഷ്ടിക്കു പരസ്പരവിരോധം തോന്നുന്നു. പരമഹംസദേവൻ സകല മതങ്ങളേയും അതാതു മതശാസനങ്ങൾ അനുസരിച്ചുള്ള സാധനകൾചെയ്തു പരീക്ഷിച്ചു്, സമുദ്രത്തിൽ ചെന്നുചേരുന്ന പല പല നദികളെന്നപ്പോലെ എല്ലാ മതങ്ങളുടേയും ഗതി ഈശ്വരാഭിമുഖമായിട്ടാണെന്നും, സകല മതങ്ങളുടേയും പ്രാപ്യസ്ഥാനം ഈശ്വരലാഭമെന്നും ഉള്ള മഹാസത്യത്തെ പ്രചരിപ്പിച്ചു. വിതണ്ഡാവാദം അവിടെ നിലച്ചു.

പരമഹംസദേവൻ ധൎമ്മപ്രചരണത്തിനാരംഭിച്ചപ്പോൾ, മതപ്രചാരകന്മാർ മാത്രമല്ല അവിടത്തേയ്ക്കു എതിരായി നിന്നതു്. പാശ്ചാത്യവിദ്യാഭിമാനികളും വാളെടുത്തു. ഈ പാശ്ചാത്യവിദ്യാഭിമാനികളുടെ അഭിപ്രായത്തിൽ "മതം" കൊണ്ടാണു് ഭാരതത്തിൻെറ അധഃപതനമുണ്ടായതെന്നാകുന്നു. മതത്തിൻെറ കാൎയ്യക്ഷമതയെപ്പററി അവൎക്കു മനസ്സിലാക്കാൻ സാധിച്ചില്ല. സ്വാൎത്ഥത്യാഗമാണു് മതത്തിൻെറ അടിസ്ഥാനമെന്നു അവർ അറിഞ്ഞിരുന്നില്ല. ജഡംപോലെയായിത്തീരുകയാണു് മതമെന്നായിരുന്നു അവരുടെ ധാരണ. സ്വാൎത്ഥത്യാഗംകൂടാതെ ഒരു ജാതിക്കോ വ്യക്തിക്കോ ഉന്നതി പ്രാപിക്കാൻ സാദ്ധ്യമല്ലെന്നുള്ള ചരിത്രത്തിൻെറ സാരമൎമ്മം അവർ മനസ്സിലാക്കിയിരുന്നില്ല. സ്വാൎത്ഥപരന്മാരായ പുരോഹിതന്മാർ നയിക്കുന്ന മതത്തിൻെറ അവസാനം ജഡത്വമാണു്, എന്നാൽ യഥാൎത്ഥധൎമ്മസാധനയെന്നതു് മഹാകൎമ്മക്ഷമതയെന്നതാണു് എന്ന സംഗതി അവരുടെ ദുരഭിമാനഭൂയിഷ്ഠമായ ബുദ്ധിക്കു ബോധപ്പെടാൻ സാധിച്ചില്ല. സ്വാൎത്ഥത്യാഗംകൊണ്ടുള്ള പരസ്പരഭ്രാതൃഭാവമാണു് ജാതീയത (Nation) യുടെ യഥാൎത്ഥമായ അസ്ഥിവാരം എന്ന ജ്ഞാനം സ്വാൎത്ഥജടിലമായ ഹൃദയത്തിൽ കടക്കുന്നതല്ല. ഗുരൂപദേശത്താൽ നരേന്ദ്രൻ ഈ അസ്ഥിവാരത്തിന്മേൽ തൻെറ ഉച്ച ജീവിതസൗധത്തെ പ്രതിഷ്ഠിച്ചു.

നാം ഇതേവരെ നരേന്ദ്രൻ എന്നാണല്ലോ പറഞ്ഞുവന്നതു്; വിവേകാനന്ദൻ എന്നു പറഞ്ഞില്ല. അതിൻെറ കാരണം മേൽ വിവരിക്കാം. ഗുരുദേവൻെറ അന്തൎദ്ധാനാനന്തരം നരേന്ദ്രനിൽ ഒരു വൻപിച്ച ഭാരം വന്നുചേൎന്നു. അദ്ദേഹത്തിനു് ഗൌരവമേറിയ ഉൽകൃഷ്ടകാൎയ്യങ്ങൾ സാധി

കുന്നതിനുവേണ്ടി പലേടത്തും ചുററി നടക്കേണ്ടിയിരുന്നു. എവിടെച്ചെല്ലുന്നുവോ അവിടവിടെ അദ്ദേഹം അതിവേഗത്തിൽ വിഖ്യാതനായിബ്ഭവിച്ചു. അതിനാൽ, തന്നെ മറച്ചുവെയ്ക്കുന്നതിനുവേണ്ടി നാനാദേശങ്ങളിലും പലപല പേരുകളിലാണ് തന്നെ ജനസമക്ഷം പരിചയപ്പെടുത്തിയത്. ദരിദ്രന്മാരുടെ കുടിലുകളിൽ പ്രവേശിച്ച് ദരിദ്രന്മാരുടെ യഥാർത്ഥസ്ഥിതി മനസ്സിലാക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശം. താൻ ഏതു നാമധേയത്തിൽ ഖ്യാതി നേടിയോ ആ പേരു മററാരേടത്തു പറഞ്ഞാൽ അദ്ദേഹത്തിന് ദരിദ്രന്മാരുടെ കുടിലുകളിൽക്കയറാൻ സാധിക്കയില്ല. മേടകളിൽ വസിക്കുന്നയാളുകൾ ബഹുമാനപൂർവ്വം അദ്ദേഹത്തെ വിളിച്ചുകൊണ്ടുചെന്ന് മാളികപ്പുറങ്ങളിൽ സ്വീകരിച്ചിരുത്തിക്കളയും; ദരിദ്രന്മാർക്ക് അവിടെ കടന്നുചെല്ലാനും സ്വാമിക്കു ദരിദ്രസംസർഗ്ഗം ലഭിക്കാനും സാധിക്കാതെവരും. അക്കാരണത്താലാണ് അദ്ദേഹം തന്നെ മറച്ചുവെച്ചതും കൂടെക്കൂടെ പേരുമാററിക്കൊണ്ടിരുന്നതും. "വിവേകാനന്ദൻ" എന്ന പേരു സ്വീകരിച്ചതോടുകൂടി വീടുതോറും അദ്ദേഹത്തിൻെറ രൂപം വെച്ചു പൂജിപ്പാൻ തുടങ്ങി. പിന്നീട് അദ്ദേഹത്തിനു, തന്നെ മറച്ചുവെപ്പാൻ ഉപായമുണ്ടായില്ല.

വിവേകാനന്ദൻ, (ഇനി വിവേകാനന്ദനെന്നു പറയാം) ഗുരുദേവൻെറ ഉപദേശത്താൽ എത്രമാത്രം ജ്ഞാനസമ്പന്നനായിത്തീൎന്നുവെന്ന് അദ്ദേഹം തന്നെ, മുൻ പറഞ്ഞ My master എന്ന പ്രസംഗത്തിൽ വിവരിച്ചിട്ടുണ്ട്. അതിൻെറ സാരമർമ്മം സർവ്വധർമ്മസമന്വയമാകുന്നു. ഈ സത്യപ്രചരണത്തിൽ ദൃഢനിഷ്ഠനായി അദ്ദേഹം വീടുതോറും നടന്ന് ചിത്തശുദ്ധി ആത്മത്യാഗം പരഹിതവ്രതം ഇവയാണ് ഈശ്വരലാഭത്തിനുള്ള ഉപായമെന്നു മനസ്സിലാക്കുവാൻ തുടങ്ങി. ഈ ഉപായമവലംബിച്ചാൽ മനുഷ്യത്വം ലഭിക്കും. ത്യാഗിമാത്രമാണ് ജാതീയതയെ സ്ഥാപിക്കാൻ പര്യാപ്തൻ; ത്യാഗമാണ് ജാതിയുടെ ആർത്ഥികവും പാരമാർത്ഥികവും ആയ ഉന്നതിക്ക് ഏകോപായം. സ്വാർത്ഥത്യാഗത്താൽ മാത്രമേ മനുഷ്യൻ മഹാകർമ്മവീരനായി ഭവിക്കയുള്ളൂ. പ്രവൃത്തികൊണ്ടും ദൃഷ്ടാന്തംകൊണ്ടും ഉപദേശംകൊണ്ടും മാത്രമേ മററുള്ളവരെ സ്വാർത്ഥത്യാഗികളാക്കാൻ സാദ്ധ്യമായിവരു. യാതൊരു ജാതി പരസ്പരസഹായത്തിൽ നിരതമായിരിക്കുന്നുവോ ആ ജാതിക്ക് ഉന്നതിയുണ്ടാകുന്നതിന് പിന്നെയെന്തു താമസം!

വിവേകാനന്ദൻെറ കൃത്യം എത്രമാത്രം ഫലപ്രദമായിരുന്നു എന്നത് വിവേകാനന്ദ നാമധേയംകേട്ടിട്ടുള്ളവൎക്ക് അറിഞ്ഞുകൂടായ്കയില്ല. എന്നാൽ നിന്ദകന്മാർ ഒരു കൂട്ടം അത്ഭുതസൃഷ്ടിതന്നെയാണ്. ഏതു മഹാകാര്യങ്ങൾക്കും ഈ വകക്കാർ ആവശ്യമുണ്ടെന്നാണ് തോന്നുന്നത്. നിന്ദകന്മാർ സീതാദേവിക്കു വനവാസംവരുത്തിക്കൂട്ടി. പ്രേമമയമായ വൃന്ദാവന

ലീലയിൽ ജടിലയും കുടിലയും ഉണ്ടായിരുന്നു. വിവേകാനന്ദൻെറ ലീലയിലും നിന്ദകന്മാർ കുറവില്ലായിരുന്നു. നിന്ദകന്മാർ പരമഹംസദേവനെ വിട്ടിട്ട് വിവേകാനന്ദനെ പിടികൂടി. അദ്ദേഹം തൻെറ സ്വദേശത്തിലും വിദേശത്തിലും സാധിച്ച മഹൽക്കാൎയ്യങ്ങളൊന്നിലും അവർ ദൃഷ്ടിപതിപ്പിച്ചില്ല. വലിയ വലിയ ബാധകളെയൊക്കെ അതിലംഘിച്ച് അദ്ദേഹം വിദേശികൾക്കായി സനാതനധൎമ്മത്തെ പ്രദാനംചെയ്തതും, ആ വിദേശികൾവന്ന ഭാരതത്തിൻെറ സ്വന്തം സന്താനങ്ങളെപ്പോലെ, ഭാരതവൎഷത്തിൻെറ ഉൽക്കൎഷത്തിനായി പ്രയത്നിച്ചതും അവർ കണ്ടില്ല. സ്വദേശത്തിൽ ക്രിസ്ത്യാനികളുടെ ദമനംവരുത്തിയതും കപടന്മാരായ പുരോഹിതന്മാരുമായി മല്ലടിച്ച് ജയം സമ്പാദിച്ച് വേദമാഹാത്മ്യത്തെസ്ഥാപിച്ചതും അവർ ഗണിച്ചില്ല. സ്വദേശത്തിലെ ദരിദ്രന്മാരുടെ കുടിലുകളിലും രോഗികളുടെ വീടുകളിലും വിവേകാനന്ദൻ നിയോഗിച്ച ധീരസന്യാസിമാർ സാധിച്ച സൽക്കാൎയ്യങ്ങളെ അവർ കണ്ടില്ല. സ്വജനത്യക്തന്മാരായ ആസന്നമൃത്യുക്കളെ സേവിച്ചതു് അവർ നോക്കിയില്ല. അനാഥബാലന്മാൎക്കായുള്ള മഠങ്ങളും ആശ്രമങ്ങളും അവർ കണ്ടില്ല. സൎവ്വത്യാഗിയായ ആ മഹാപുരുഷൻ ഒരു ആചാരഭ്രഷ്ടനാണെന്നു മാത്രം അവർ കണ്ടുപിടിച്ചു. നിന്ദകന്മാർ തങ്ങളുടെ നിന്ദയെ കൊണ്ടാടിപ്പുലൎത്തിക്കൊള്ളട്ടെ! അവരുടെ ജീവിതം ആൎക്കും ലക്ഷ്യവുമല്ല; അസൂയാവഹവുമല്ല! എന്നാൽ പരമഹംസദേവൻെറ മതവുമായി വിവേകാനന്ദൻെറ മതത്തിനു പാൎത്ഥക്യം കാണുന്നവരോടു് എനിക്കു പറവാനുള്ളതു് ഇതുമാത്രമാണ് — അവർ അല്പം ശ്രദ്ധവെച്ചു നോക്കിയാൽ പരമഹംസദേവനെത്തന്നെയാണ് വിവേകാനന്ദൻ പ്രചരിപ്പിച്ചിട്ടുള്ളതെന്നു കാണാം. ഇതിനെ കഴിയുന്നതു വിശദീകരിപ്പാൻ ശ്രമിക്കാം.

കാമിനീത്യാഗിയായ ശ്രീ ചൈതന്യദേവനാൽ പ്രതിഷ്ഠിക്കപ്പെട്ട ഭക്തിധൎമ്മം, കലുഷിതമായ വൈഷ്ണവതാന്ത്രികന്മാരുടെ വാമാചാരമായി പരിണമിച്ചു. കാമവൎജ്ജിതന്മാരല്ലാതെ രാസക്രീഡാഭാഗം വായിപ്പാൻ ആരും അധികാരികളല്ലെന്നാണ് ഭാഗവതത്തിൻെറ മൎമ്മം. നിഷ്കാമികൾക്കല്ലാതെ രാധാകൃഷ്ണന്മാരുടെ പ്രേമലീലയാസ്വദിപ്പാൻ സാധ്യമല്ല. വിവേകാനന്ദൻ അതു മനസ്സിലാക്കിയിരുന്നു. അദ്ദേഹത്തിൻെറ നാവിൽനിന്നും ഭക്തിഗാനങ്ങൾകേട്ട് അനേകംപേർ കളത്രപുത്രാദികളെ ത്യജിച്ച് കഠിനസന്യാസം സ്വീകരിച്ചിട്ടുണ്ട്. ത്യാഗിയാകാതെ ഭക്തിസാധനയിലേൎപ്പെടുന്നതു് വെറും അഭിനയമാകുന്നു. ഇതുകൊണ്ട് അദ്ദേഹം കൎമ്മസാധനയെ പ്രചരിപ്പിച്ചു. ആബാലവൃദ്ധം സകലരോടും, "കൎമ്മത്തിൽ പ്രവൎത്തിക്കുക! അല്ലെങ്കിൽ ചിത്തശുദ്ധിയുണ്ടാകയില്ല" എന്നുപദേശിച്ചു. വംഗീയയുവാക്കന്മാരിൽ അദ്ദേഹത്തിൻെറ സൎവ്വതോമുഖമായ ആശകളെയും അദ്ദേഹം സമൎപ്പിച്ചിരുന്നു. വംഗീയയുവാക്കന്മാരോടു അദ്ദേഹം കൂടെക്കൂടെ ഇ

വിധം പറയാറുണ്ട്—"കർമ്മത്തിൽ പ്രവർത്തിക്കുക. സഹോദരഭാവേന സമ്മേളിച്ച്, അധഃപതിച്ചുപോയ ഭാരതത്തിൻെറ ഉന്നമനത്തിനായി ശ്രമിക്കുക. തൻെറ വ്യക്തിപരമായ ഉന്നതിയും നിങ്ങളെ അപ്പോൾ അതിവേഗത്തിൽ പിൻതുടൎന്നുവരും. കർമ്മംതന്നെയാണ് ധർമ്മജീവിതം. ഫലാഫലത്തെ ഗൌനിക്കാതെ കർമ്മം ചെയ്യുക! കർമ്മം! കർമ്മം! സകല സ്വാർത്ഥത്തേയും ഉപേക്ഷിക്കുക! കർമ്മശീലനു മുക്തികാമനയും തുഛമത്രേ. പ്രവൃത്തിക്കു അധികാരിയാകുക." വിവേകാനന്ദൻ തൻെറ ഗുരുസമക്ഷത്തിൽ സമാധി അഥവാ പൂർണ്ണത്വത്തെ പ്രാർത്ഥിച്ചപ്പോൾ അദ്ദേഹത്തിൻെറ ഗുരു സ്വാർത്ഥം പരിത്യജിക്കാൻ ഉപദേശിച്ചു; കർമ്മത്തിൽവ്യാപരിപ്പിച്ചു. വിവേകാനന്ദൻ തൻെറ ഗുരുദേവൻെറ യഥാർത്ഥമർമ്മം മനസ്സിലാക്കിയിരുന്നു. രാമകൃഷ്ണപരമഹംസദേവൻെറ യഥാർത്ഥമർമ്മം മനസ്സിലാക്കാൻ ആഗ്രഹിക്കുന്നവർ ധാരാളം പുറങ്ങളുള്ള ശ്രീരാമകൃഷ്ണജീവചരിത്രമോ ഉപദേശമോ വായിച്ചതുകൊണ്ട് മതിയാകയില്ല. വിവേകാനന്ദൻെറ ഉജ്വലദൃഷ്ടാന്തത്തെ തങ്ങളുടെ മുന്നിൽ എപ്പോഴും വെച്ചുകൊള്ളണം. K. 1020.

വിവേകാനന്ദൻ ഭക്തിധർമ്മത്തെ പ്രചരിപ്പിച്ചിട്ടില്ലെന്നു പറയുന്നവരോടു ഭക്തിധർമ്മം എന്താണെന്നു ചോദിച്ചാൽ ഉത്തരം ലഭിക്കുകയില്ല. യാതൊരു മഹാത്മാവു് സർവ്വഭൂതങ്ങളിലും ഭഗവാനെ ദർശിച്ചിരുന്നുവോ, യാതൊരാൾ കായമനോവാക്യങ്ങളാൽ ആ സർവ്വഭൂതവ്യാപിയായ ഭഗവാൻെറ സേവയിൽ നിയുക്തനായിരുന്നുവോ, യാതൊരാൾ തൻെറയുള്ളിൽ സ്ഥാപിതമായ ഭഗവാൻെറ സർവ്വഭൂതവ്യാപ്തമായ സർവ്വതോഭാവത്തെ ദർശിച്ചു വിമുഗ്ദ്ധചിത്തനായി അദ്ദേഹത്തെ ഉപാസനചെയ്തുവോ ആ മഹാപുരുഷൻ ഭക്തനല്ലെങ്കിൽ മററാരാണ് ഭക്തൻ! ആടിപ്പാടി തുള്ളിച്ചാടി നിലംതകർത്ത് കണ്ണുകളിൽനിന്നും കുറെ വെള്ളമൊലിപ്പിച്ചാൽ ഭക്തിയാകുമെങ്കിൽ ഭക്തി വളരെ എളുപ്പം കിട്ടുന്ന വകതന്നെ. ഭക്തചൂഡാമണിയായ പരമഹംസദേവൻ, ഇളംപുല്ലുകളിൽക്കൂടി വല്ലവരും ഉറപ്പിച്ചു കാലു ചവുട്ടി നടന്നെങ്കിൽ അത്യന്തം വേദനപ്പെട്ടിരുന്നു. എല്ലാവരുടേയും മംഗളത്തിനായി അദ്ദേഹം തൻെറ ആത്മാവിനെ സമർപ്പിച്ചിരുന്നു. അദ്ദേഹത്തിൻെറ ശിഷ്യനായ വിവേകാനന്ദൻ ജനസേവയാണ് പരമധർമ്മമെന്നു പ്രചരിപ്പിച്ചതു്, ആ ഭക്തചൂഡാമണിയായ രാമകൃഷ്ണപരമഹംസദേവൻെറ തൃപ്പാദങ്ങളെ അനുസരിച്ചതല്ലയോ? വിവേകാനന്ദൻ ഭക്തിനാട്യത്തിനു വിരോധിയായിരുന്നു. അദ്ദേഹം പരമഭക്തനായിരുന്നു; പരന്മാരെ സേവിക്കണമെന്നുപദേശിച്ച് അദ്ദേഹം ഭക്തിയുടെ സാരമർമ്മത്തെ പ്രചരിപ്പിച്ചിരിക്കുന്നു. യാതൊരാൾ ഭക്തിലാഭത്തിനായി പരിശ്രമിക്കുന്നുവോ അയാൾ ഗുരുഭക്തനായ വിവേകാനന്ദനെ സ്വജീവിതത്തിൻെറ ധ്രുവനക്ഷത്രമായി ദൃഷ്ടിക്കു മുൻപിൽ വെച്ചുകൊണ്ട് ബഹുജനസേവയിൽ നിര

തന്നായി നാൾക്കുനാൾ ഭക്തിമാൎഗ്ഗത്തിൽ മുന്നോട്ടു പോകുക! വിവേകാനന്ദനെപ്പോലെ പരമമായ ഭക്തിക്കു അധികാരിയായി ഭക്തിധൎമ്മം പ്രചരിപ്പിക്കുക! ഇതു് എന്റെ വെറും ഉത്തേജകവാക്യമല്ല; പരമാൎത്ഥസംഗതയാണ്. വിവേകാനന്ദൻ അതിനെ തന്റെ ജീവിതംകൊണ്ടു് ദൃഷ്ടാന്തീകരിച്ചിട്ടുണ്ടു്. പരമഹംസദേവൻ അന്തർധാനംചെയ്യപ്പോൾ, ശിഷ്യസംഘം വ്യാകുലമായിഭവിച്ചു. അപ്പോൾ വിവേകാനന്ദൻ അവരെ ഇപ്രകാരം പറഞ്ഞാശ്വസിപ്പിച്ചു:—"സോദരന്മാരേ! എന്തിനു ഭയപ്പെടണം? ശ്രീരാമകൃഷ്ണദേവൻ നമ്മുടെ ഹൃദയത്തിലുണ്ടല്ലോ! അദ്ദേഹത്തിൽ ലക്ഷ്യമുറപ്പിച്ചു്, നാം ഓരോരുത്തരും ആ വിധം ആയിത്തീരാം". ശ്രീരാമകൃഷ്ണദേവനെ ലക്ഷീകരിച്ചു് വിവേകാനന്ദൻ അദ്ദേഹത്തിന്റെ സഹകാരിയായിത്തീൎന്നു. യാതൊരാൾ വിവേകാനന്ദനെ ലക്ഷീകരിക്കുന്നുവോ അയാൾ തീൎച്ചയായും വിവേകാനന്ദന്റെ സഹകാരിയായിബ്ഭവിക്കും. വിവേകാനന്ദൻ അപ്രകാരമുള്ള ഒരു മഹാപുരുഷനിലാണ് തന്റെ സമസ്ത കാൎയ്യഭാരങ്ങളേയും അൎപ്പിച്ചിട്ടു് അന്തർധാനംചെയ്തിട്ടുള്ളതു്.

വിവേകാനന്ദന്റെ കഥയാലോചിക്കുന്തോറും എനിക്കു അദ്ദേഹത്തിന്റെ സ്നേഹാദരങ്ങൾ ഉള്ളിൽ തിരതല്ലിക്കൊണ്ടിരിക്കുന്നു. ആ സ്നേഹാദരങ്ങൾക്കു പ്രതിഫലം നൽകുവാൻ ഇല്ല. സ്മൃതിപഥത്തിൽനിന്നും അതു് ഒരിക്കലും മാഞ്ഞുപോകാവുന്നതല്ല. അദ്ദേഹത്തിന്റെ ആ മധുരസംഭാഷണം, ആദരപൂൎവ്വമായ പെരുമാററം, മധുരമായ വാക്സമരത്താൽ ഉപദേശപ്രദാനം, എന്നെപ്പോലുള്ള എളിയവനുപോലും ബഹുമതി പ്രദാനം എന്നീ ഗുണങ്ങളെ എടുത്തു പറവാൻ എനിക്കു ശക്തിയില്ല. ഒരു ദൃഷ്ടാന്തം ഇവിടെ പറയാം. വിദേശത്തുപോയി മടങ്ങിവന്നശേഷം ശ്രീ പശുപതിനാഥവസുവിന്റെ ഭവനത്തിൽ അദ്ദേഹത്തെ ക്ഷണിച്ചുകൊണ്ടുവന്നിരുന്നു. അദ്ദേഹം ഗൃഹത്തിൽ പ്രവേശിച്ചയുടൻതന്നെ പലരും അദ്ദേഹത്തിന്റെ ചരണങ്ങളെ സ്പൎശിച്ചു. ഞാനും ചരണസ്പൎശത്തിനായി അടുത്തുചെന്നു. തലകുനിഞ്ഞയുടനെ അദ്ദേഹം എന്റെ കൈകൾ ചേൎത്തുപിടിച്ചുകൊണ്ടു് "എന്താ! ഘോഷ്ജി! എന്താണിക്കാണിക്കുന്നതു്? എനിക്കു് അമംഗളംവരുത്തിവെക്കയോ?" എന്നു പറഞ്ഞു തടുത്തു. ഇപ്രകാരം മാനനീയനല്ലാത്ത ആളിനും മാനം ദാനംചെയ്യുന്നതിനും നിരഭിമാനതയ്ക്കും ദൃഷ്ടാന്തം വല്ലവരും കണ്ടിട്ടുണ്ടെങ്കിൽ അതു് വിവേകാനന്ദസ്വാമിയെയാണ്. ഇത്തരം അഭിമാനശൂന്യവും ലോകാതീതവും ആയ കൃത്യം വിവേകാനന്ദനിലേ സംഭവിക്കയുള്ളൂ.

അവസാനമായി എനിക്കു് വിവേകാനന്ദഭക്തസംഘത്തോടു് താഴ്മയായിപ്പറയുവാനുള്ളതു്, ഈ പ്രസംഗത്തിൽ വല്ല കുറവും വന്നുപോയിട്ടുണ്ടെങ്കിൽ അതിനെ അവർ ക്ഷമിക്കണമെന്നതാണ്. എനിക്കു വിവേകാനന്ദനെ ഭയമില്ല. നിസ്സീമമായ ഭ്രാതൃപ്രേമത്താൽ അദ്ദേഹം അസംഖ്യം

പ്രാവശ്യം ഈയുള്ളവന്റെ അപരാധങ്ങളെ ക്ഷമിച്ചിട്ടുണ്ട്. ഇപ്പോഴും ഇനിമേലും ക്ഷമിക്കും. എന്നാൽ എനിക്ക് ഭയം, അദ്ദേഹത്തിന്റെ ഭക്തസംഘത്തെയാണ്. അവർ എന്റെ അപരാധത്തെ ഗണ്യമാക്കരുതെന്നത്രേ എന്റെ പ്രാർത്ഥന.

## നാനാവാർത്ത.

ക്രഗ്ഗ് ശ്രീരാമകൃഷ്ണാശ്രമത്തിൽ താമസിച്ചിരുന്ന ശ്രീമത് വിശാലാനന്ദസ്വാമിയുടെ അകാലദേഹവിയോഗത്തെ ഞങ്ങൾ അത്യന്ത വ്യസനസമേതം മഹാജനങ്ങളെ അറിയിച്ചുകൊള്ളുന്നു. ഇദ്ദേഹത്തിന്റെ ആത്മശാന്തിക്കായി ഭഗവാനോടു ഞങ്ങൾ പ്രാർത്ഥിച്ചുകൊള്ളുന്നു.

ഓം ശാന്തി! ശാന്തി! ശാന്തി!

* * * *

മുന്നറിയിപ്പുപ്രകാരം പ്രബുദ്ധകേരളം ആഫീസ് ആലപ്പുഴ ശ്രീയോഗാനന്ദാശ്രമത്തിലേയ്ക്കു മാററിയിരിക്കുന്നു. മേലാലുള്ള കത്തിടപാടുകൾ ഇവിടത്തെ മേൽവിലാസത്തിൽ നടത്തേണ്ടതാകുന്നു.


# മഹിള.

സ്ത്രീജനങ്ങളുടെ ഉപയോഗത്തിനായി

തിരുവിതാംകൂർ

**ജൂനിയർ മഹാറാണി തിരുമനസ്സിലെ രക്ഷാധികാരത്തിൽ**

പ്രസിദ്ധംചെയ്യുന്ന

**ഏക ഉത്തമ സ്ത്രീമാസിക.**

വരിസംഖ്യ ൩ രൂപാ. ബ്രി: ഇൻഡ്യ. ൩ രൂപാ ൫ അണ.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

ബി. ഭാഗീരഥി അമ്മ,

പ്രസാധിക, ചെങ്ങന്നൂർ.

# പ്രബുദ്ധകേരളം നിബന്ധനകൾ.

1 അതാതുമാസം ൨൦-ാം തീയതിക്കകം മാസിക കിട്ടാത്ത വരിക്കാർ അടുത്ത മാസം ൧-ാം തീയതിക്കകം വിവരം അറിയിക്കേണ്ടതാണ്. അപ്രകാരം ചെയ്യാത്തവരുടെ പരാതികൾ ഗൌനിക്കുന്നതല്ല.

2 മേൽവിലാസം മാറിയാലുടനെ വിവരം അറിയിക്കേണ്ടതാണ്.

3 രജി. നമ്പർ കൂടാതെ അയയ്ക്കുന്ന എഴുത്തുകൾ ഗൌനിക്കുന്നതിനു താമസം നേരിടുന്നതാണ്.

4 മൂന്നു വരിക്കാരെ ചേർത്ത് അവരുടെ ഒരു കൊല്ലത്തെ വരിസംഖ്യ അയയ്പ്പിക്കുന്നവർക്കു മഹർഷിനാഗമഹാശയൻ ഒരു പ്രതി വിലകൂടാതെ അയച്ചുകൊടുക്കുന്നതാണ്.

5 ആറു വരിക്കാരെ ചേർത്ത് അവരുടെ ഒരു കൊല്ലത്തെ വരിസംഖ്യ അയയ്പ്പിക്കുന്നവർക്ക് അവർ ആറുപേരും വരിക്കാരായിരിക്കുന്നിടത്തോളം കാലം "പ്രബുദ്ധകേരളം" സൌജന്യമായി അയച്ചുകൊടുക്കുന്നതാണ്.


# Prabuddha Bharata.

A High class monthly on practical Vedanta, setting forth the lofty teachings of SRI RAMAKRISHNA and Swami Vivekananda from a nonsectarian standpoint.

Conducted by the Advaita Asrama, Mayavati, Himalayas, and printed in an improved get-up, from Calcutta.

35th year commenced from January, 1930.

Annual Subscription : Rs. 4. Inland, Foreign 11S.

Please apply to—

The Manager, "PRABUDDHA BHARATA"
182. A. MuktáRam Babu Street, Calcutta.